# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 06 SEPTEMBER 2025 | ക്രിസ്തീയ കുടുംബ മാസിക



മരുഭൂമിയെ ഏദെനെപ്പോലെയും അതിന്റെ നിർജ്ജനപ്രദേശത്തെ
യഹോവയുടെ തോട്ടത്തെപ്പോലെയും ആക്കുന്നു

(യെശയ്യാ 51:3)

EDITORIAL

# ക്രൈസ്തവ പീഢനം

**ക്രൈ**സ്തവ പീഢനം ഒരു പുതിയ സംഭവമല്ല. സഭയുടെ പഴക്കം എത്രയാണോ അത്രയും പഴക്കം ഉണ്ട് സഭാ പീഢനത്തിനും. ക്രിസ്തീയ സഭയുടെ വളർച്ചയുടെ കാലയളവ് പീഢനകാലയളവുകളിൽ തന്നെയാണ്.

ഭാരതം യേശു എന്ന ശബ്ദം കേൾക്കാൻ തുടങ്ങിയത് AD അമ്പതുകളിലാണല്ലോ. അത്രത്തോളം പഴക്കം ഉണ്ട് ഭരതീയ സഭകൾ അനുഭവിച്ച പീഢകൾക്കും. പക്ഷേ ഭാരതത്തിൽ സഭ വളർന്നുകൊണ്ടേയിരുന്നു. വി. തോമസ് അപ്പൊസ്തലൻ ഉൾപ്പെടെ ഏകദേശം പന്ത്രണ്ടോളം പ്രസിദ്ധരായ മിഷനറിമാരുടെ രക്തം ഭാരത മണ്ണിൽ വീണിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗ്രഹാംസ്റ്റയിൽ പോലെ ആധുനിക രക്തസാക്ഷികൾ നമുക്ക് ശക്തിപകരുന്നവരാണ്. ഇന്നും ആ പീഢകൾക്ക് അന്തം വന്നിട്ടില്ലെന്നല്ല പൂർവ്വാധികം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഭാരതസംസ്കാരത്തിന് ഏറ്റവും ഇണങ്ങുന്നത് സത്യസുവിശേഷമാണ്. പക്ഷേ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ കണ്ണ് കുരുടാക്കിയിരിക്കുന്നതിനാൽ ഈ സത്യം തിരിച്ചറിയാതെ പോകുന്നു. എന്തു വിലകൊടുത്തും ജീവൻ തന്നവനായി, ജീവൻ കൊടുത്തിട്ടാണങ്കിലും കർത്താവിന്റെ വേല നമുക്ക് ചെയ്യാം.

ഈ അടുത്ത നാളുകളിൽ ഛത്തീസ്ഗഡിൽ രണ്ട് കന്യാസ്ത്രീകളെ മതപരിവർത്തനം എന്ന കുറ്റം ആരോപിച്ച് അറസ്റ്റ് ചെയ്യുകയും രാജ്യദ്രോഹികളെ ഏല്പിക്കുന്ന എൻഐഎ കസ്റ്റഡിയിൽ വിടുകയും 9 ദിവസത്തോളം തടവിൽ ആക്കുകയും ചെയ്ത സംഭവം ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയല്ലോ. കള്ളക്കേസുകളിൽ കുടുക്കി ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി അനേകം മിഷനറിമാരെ/സുവിശേഷകരെ/പാസ്റ്റർമാരെ ജയിലിൽ അടച്ചിരിക്കുന്നു. ഇതിന്റെ എല്ലാം മദ്ധ്യേ അനേകം യുവതീയുവാക്കൾ കർത്താവിന്റെ മണവാട്ടിസഭയിൽ അംഗങ്ങളാകുന്നു. പീഢനം പെരുകുന്തോറും സഭയുടെ വളർച്ച ത്വരിതഗതിയിൽ ആകുന്നത് ചരിത്രമാണ്. കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട് മഹാപുരോഹിതന്റെ അടുക്കൽ ചെന്ന് ഈ മാർഗ്ഗക്കാരെ പിടിച്ചുകെട്ടി യെരുശലേമിലേക്ക് കൊണ്ടുവരുവാൻ അധികാരപത്രം വാങ്ങി പുറപ്പെട്ട തീവ്രവാദിയായ ശൌലിനെ കർത്താവ് പിടിച്ച് തന്റെ അപ്പൊസ്തലനാക്കിയത് അപ്പൊസ്തലപ്രവൃത്തികളിൽ നാം വായിക്കുന്നു. അനേക ലേഖനങ്ങളുടെ കർത്താവെന്ന നിലയിലും നിരവധി സഭകളുടെ സ്ഥാപകൻ എന്ന നിലയിലും പൌലൊസ് അസാധാരണൻ ആയിരുന്നു. കർത്താവിനു വേണ്ടി തന്റെ കുലീന പാരമ്പര്യം, പാണ്ഡിത്യം, പദവികൾ എന്നിവ ചവറ് എന്ന് എണ്ണുവാൻ അദ്ദേഹം തയ്യാറായി. സുവിശേഷ വിരോധികളായ അനേകരെ പൌലൊസിനെപ്പോലെ കർത്താവിന്റെ വേലക്കാരാക്കാൻ കർത്താവ് പ്രവർത്തിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. കാലം അതിന്റെ അന്ത്യത്തിലേക്ക് ഏറ്റവും അടുത്തിരിക്കുന്നു എന്ന് ലോക സംഭവങ്ങൾ വിളിച്ച് പറയുമ്പോൾ അവന്റെ വേലയിൽ നമുക്ക് ഇ.ജി.എം. ഓഫ് ഇന്ത്യയോടൊപ്പം കൈകോർക്കാം. ദൈവം അനുഗ്രഹിക്കട്ടെ!

●●●



രാജൻ എം.തോമസ്

EDITORIAL BOARD

PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George

MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy

CONTENTS

03 ഈഗോ
ഡോ. വി. പി. മത്തായി വാലയിൽ

05 ക്രിസ്തീയ സന്തോഷം
ഡോ. നെൽസൺ എബ്രഹാം

07 സൌമ്യമായ ശക്തി
ഡോ. നെൽസൻ മാത്യു വാലയിൽ

09 വിലയേറിയ ബോട്ട്
ടീച്ചർ

11 ഇത്രയൊക്കെ ചിന്തിക്കണോ?
പ്രൊഫ. ജോൺ സക്കറിയ

13 ഷോപ്പിംഗ് അഡിക്ഷൻ
റവ. ബേസിൽ ജോർജ്

15 പിതാവിന്റെ ഇഷ്ടപുത്രൻ
സോജ ടോണി

25 നൈൽ നദിയുടെ തീരം മുതൽ സീൻ മരുഭൂമിവരെ
ബാബു അഞ്ചേരി

- അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം

GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist.,
Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger

ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ



# EGO (അഹം)

**നാശത്തിനും തകർച്ചക്കും മുന്നേ മനസ്സിൽ രൂപപ്പെടുന്ന ഒരു വികാരമാണ് അഹങ്കാരം. ഇത് പ്രകടമായിത്തുടങ്ങുമ്പോൾ മനസ്സിലാക്കിയാൽ മതി വീഴ്ച അഥവാ തകർച്ച ആരംഭിച്ചിരിക്കുന്നു എന്ന്.**

അഹം എന്ന വാക്ക് ദൈവവചനത്തിൽ നേരിട്ട് ഒരുഭാഗത്തും പരാമർശിക്കുന്നില്ല. എന്നാൽ അഹങ്കാരം, സ്വാർത്ഥത, വിനയം, എന്നിവയോ അവയുടെ ആശയങ്ങളോ വചനത്തിൽ ധാരാളമായി പ്രതിപാദിച്ചിട്ടുണ്ട്.

ദൈവവചനം താഴ്മയുടെ പ്രാധാന്യം ധാരാളമായി ഊന്നിപ്പറയുകയും അഹങ്കാരത്തിന്റെ അപകടത്തെ പ്രകടമാക്കുകയും ചെയ്യുന്നുണ്ട്. സദൃശ്യവാക്യങ്ങൾ 16:18-ൽ "നാശത്തിന്നു മുമ്പെ ഗർവ്വം; വീഴ്ചക്കു മുമ്പെ ഉന്നതഭാവം" അഥവാ നാശത്തിനും തകർച്ചക്കും മുന്നേ മനസ്സിൽ രൂപപ്പെടുന്ന ഒരു വികാരമാണ് അഹങ്കാരം. ഇത് പ്രകടമായിത്തുടങ്ങുമ്പോൾ മനസ്സിലാക്കിയാൽ മതി വീഴ്ച അഥവാ തകർച്ച ആരംഭിച്ചിരിക്കുന്നു എന്ന്. മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കണക്കാക്കാൻ ശ്രമിക്കുമ്പോൾ അഹങ്കാരത്തെ നശിപ്പിക്കുവാൻ ശ്രമം ആരംഭിക്കുകയായിരിക്കും. അഹങ്കാരം നിമിത്തം തകർന്നുപോയ ദൂതന്മാർ ഉണ്ട് എന്ന് നമുക്ക് അറിയാമല്ലോ. "അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതൃത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും." എന്നല്ലോ, നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നേ വീഴും." (യെശയ്യാവ് 14:12-15)

ഈഗോ (അഹം) എന്നത് പല സ്വഭാവത്തിലൂടെയും പ്രത്യക്ഷപ്പെടാറുണ്ട്. ഇത് ഒരു മനുഷ്യനെ നശിപ്പിക്കുന്ന മനോഭാവമാണ്. ഒരു വ്യക്തിയെ ദൈവത്തിൽനിന്നും മനുഷ്യനിൽനിന്നും അകറ്റിക്കളയും. സമൂഹത്തിലും വിഷം വിതെക്കുവാൻ പറ്റിയ തിന്മയാണ് ഈഗോ. സ്വാർത്ഥത ഇതിന്റെ പ്രത്യക്ഷമായ ഒരു ലക്ഷണമാണ്. മറ്റാർക്കും ലഭിക്കാത്തത് തനിക്ക് മാത്രം ലഭിക്കണം എന്ന ചിന്താഗതിക്കാരെ നാം കണ്ടിട്ടുണ്ടാകുമല്ലോ. എല്ലാറ്റിലും താൻ ഉണ്ടാകണം. മറ്റുള്ളവരെക്കാൾ തനിക്കായിരിക്കണം പ്രാധാന്യവും അംഗീകാരവും എന്ന് സ്വയം ചിന്തിക്കുന്നു. അഹം - സ്വയം എല്ലാം ഞാൻ, എല്ലാവർക്കും ഞാൻ, എല്ലാറ്റിനും ഞാൻ, ഞാൻ മാത്രം. ഇതാണല്ലോ സ്വാർത്ഥത. ഈ സ്വയത്തെ പ്രകടമാക്കാൻ എന്ത് സ്വാർത്ഥ നടപടികളും സ്വീകരിക്കും.

മറ്റൊന്ന് സ്വയംപ്രശംസയാണ്. തന്നെക്കുറിച്ചും തന്റെ ജീവിതപങ്കാളിയെയും മക്കളെയും കുറിച്ച് പുകഴ്ത്തി മറ്റുള്ളവർക്ക് മുന്നിൽ പറഞ്ഞ് ആസ്വദിക്കുന്നത് ഈഗോയുടെ ലക്ഷണമാണ്. തന്റെ

കഷ്ടപ്പാടിനെക്കുറിച്ച് പറഞ്ഞും തന്റെ പ്രവർത്തികളുടെ മഹിമകളെ വർണ്ണിച്ച് തന്നെക്കുറിച്ച്തന്നെ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നത് നമ്മൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അവർ പറയുന്ന ഓരോ വാചകത്തിന്റെയും അവസാനമോ ആദ്യമോ എവിടെയെങ്കിലും ഞാൻ എന്ന വാക്ക് ചേർക്കുന്നതിന് ശ്രദ്ധിച്ചിരിക്കും.

ഈഗോയുടെ മറ്റൊരു ലക്ഷണം താൻ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണെന്ന ചിന്തയാണ്. ആ ചിന്ത ഉള്ളതിനാൽ ആരോടും ചെന്ന് സംസാരിക്കുവാനോ ചെന്ന് അഭിവാദനം ചെയ്യുവാനോ ശ്രമിക്കാതെ അവർ തന്നോടുതന്നേ സംസാരിക്കും. അഭിവാദനം പറയുവാനും കാത്തിരിക്കും. **ഈഗോ ഉള്ള ഒരു വ്യക്തി എന്തുചെയ്താലും മറ്റുള്ളവരുടെ അഭിനന്ദനവും അംഗീകാരവും, പ്രശംസയും പ്രതീക്ഷിക്കും.** അങ്ങനെ സമൂഹത്തിൽ വളരെ പ്രശ്നം സൃഷ്ടിക്കും ഈഗോ എന്നത് തർക്കമില്ലാത്ത കാര്യമാണ്.

സ്വയംപ്രശംസക്കുവേണ്ടി കാര്യങ്ങളോട് അസത്യം ചേർക്കുകയും അംഗീകാരത്തിനുവേണ്ടി താരതമ്യംചെയ്ത് മറ്റുള്ളവരെ ഇകഴ്ത്തുകയും, തന്നെ പുകഴ്ത്തുകയും ചെയ്യുന്നു. മറ്റുള്ളവരുടെ വളർച്ചയും ഉയർച്ചയും അസഹിഷ്ണുതയോടെ നോക്കിക്കാണുകയും അസൂയപ്പെടുകയും ചെയ്യും. മറ്റുള്ളവരെ നിന്ദിക്കുന്നതിലും പരിഹസിക്കുന്നതിലും സന്തോഷം കണ്ടെത്തുകയും സംതൃപ്തിയടയുകയും ചെയ്യുന്നു.

ദൈവം വെറുക്കുകയും എതിർക്കുകയും ചെയ്യുന്ന ഈ പാപം നമ്മെ മനോരോഗികളാക്കും അപകർഷതാബോധത്തിലേക്കും ഡിപ്രഷനിലേക്കും തള്ളിവിടും. എല്ലാവരെയും കുറ്റപ്പെടുത്താൻ ഉത്സാഹിക്കുന്നതോടൊപ്പം തന്റെ തെറ്റുകൾ ശരിയാണെന്ന് സമർത്ഥിക്കുവാൻ താത്പര്യപ്പെടുകയും ചെയ്യുന്ന അഹംഭാവിയായവൻ നരകത്തിലേക്ക് ചീട്ട് എടുത്തിരിക്കുകയാണ് എന്നതിന് സംശയമില്ല. മാനസാന്തരപ്പെട്ടില്ലെങ്കിൽ അങ്ങനെ തന്നേ നശിക്കും. അഹങ്കാരിയായ സാത്താന്റെ മക്കളാണ് ഈ ഭാവങ്ങൾ പ്രകടമാക്കുന്ന ഓരോ വ്യക്തിയും. ജീവിക്കുന്നത് ക്രിസ്തീയ ഭവനത്തിലും വാഴുന്നത് ആരാധനാലയത്തിലും തിളങ്ങുന്നത് കൂട്ടായ്മയിലും ആയിരിക്കും. പക്ഷേ ദൈവം ഇക്കൂട്ടരെ അറിയുന്നില്ലെന്ന് പറയാനുള്ള നാളുകൾ അധികം ദൂരത്തല്ല.

എങ്ങനെ ഈഗോയെ അതിജീവിക്കാം? ഇതിന്നായി ബൈബിൾ എന്ത് പറയുന്നു? താഴ്മ ശീലമാക്കാൻ ശ്രമിക്കുക എന്നതാണ് ഏറ്റവും പ്രധാനം. പരിശുദ്ധാത്മാവിനെ അനുസരിക്കുവാൻ തയ്യാറാകണം. ഒരു വ്യക്തി ആത്മനിറവ് പ്രാപിച്ചാൽ മറ്റുള്ളവരെ ശ്രേഷ്ഠന്മാർ എന്ന് കണക്കാക്കുകയും മറ്റുള്ളവരുടെ നന്മയെ കണക്കാക്കുകയും മറ്റുള്ളവരുടെ ഗുണം നോക്കുകയും ചെയ്യും. ഈഗോ ഉള്ള വ്യക്തി നേരേ തിരിച്ചാകും പ്രവർത്തിക്കുക. ഫിലിപ്പിയർ 2:3–5 "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ". ഈ വാക്യങ്ങൾ ധ്യാനിച്ച് പ്രാർത്ഥിച്ച് സമർപ്പിച്ചാൽ ഈഗോ എന്ന അഹം നമ്മെ വിട്ട് ഓടിപ്പോകുകയും നാം രക്ഷപ്പെടുകയും ചെയ്യും. ലൂക്കൊ. 14.11 "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും." ഇതാണ് എളിമയുടെ മഹത്വവും തത്വവും. യഥാർത്ഥ മഹത്വം തന്നെത്തന്നെ ഉയർത്തുന്നതിലല്ല മറ്റുള്ളവരെ സേവിക്കുന്നതിലാണ്. റോമർ 12:3 "ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു".

**നമ്മൾ വളർന്നുവരുന്ന സാഹചര്യം, ജന്മം തന്ന മാതാപിതാക്കളും അവരുടെ ചുറ്റുപാടുകളും, നമ്മുടെ തെറ്റായ കൂട്ടുകെട്ടുകളും ബന്ധങ്ങളും, ദൈവവും ദൈവമക്കളുമായുള്ള സഹവർത്തിത്വമില്ലായ്മയും നമ്മുടെ ഈഗോ വളർന്നുവരുവാൻ കളമൊരുക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു നമ്മിലും നാം അവനിലും ആയിത്തീർന്ന് ക്രിസ്തുവിലുള്ള ഭാവം നമ്മിൽ വളർത്തിക്കൊണ്ടുവരാനുള്ള പരിശ്രമം നമ്മെ വിനയാന്വിതരാക്കി മാറ്റും എന്തു വില കൊടുത്തും കർത്താവിനെ സ്നേഹിച്ചും ദൈവമക്കളോട് ചേർന്ന് രക്ഷാനിർണ്ണയത്തോടെ പരിശുദ്ധാത്മാവിനെ അനുസരിച്ച് വചനപ്രകാരം ജീവിച്ചാൽ എന്നേക്കുമായി ഈഗോ (അഹം) അല്ലെങ്കിൽ അഹങ്കാരം നമ്മിൽനിന്നും നീക്കംചെയ്യാം.** അങ്ങനെ പിശാച് എന്ന ഈഗോയുടെ പിതാവിനെ പരാജയപ്പെടുത്താം. ഈ വിജയകരമായ ജീവിതത്തിനായി കർത്താവ് നമ്മെ സഹായിക്കട്ടെ.

●●●



ജീവിത സായാഹ്നം



ഡോ. നെൽസൺ എബ്രഹാം

# ക്രിസ്തീയ സന്തോഷം

**ലോ**കത്തിൽ മിക്കവാറും ജനങ്ങൾക്കും ജീവിതം സന്തോഷപ്രദമായിരിക്കണമെന്നാണ് ആഗ്രഹം നാമും നമ്മുടെ വിലയേറിയ ജീവിതം സുഖപ്രദവും, സന്തോഷംനിറഞ്ഞതും ആയിരിപ്പാനല്ലേ ആഗ്രഹിക്കുന്നത്? ജീവിതത്തിന്റെ വിലപ്പെട്ട നിമിഷങ്ങൾ ഈ സ്നേഹസമ്പൂർണ്ണമായ സന്തോഷത്തിനായി ഉപയോഗിക്കുകയല്ലേ? എന്നാൽ ക്ഷണികമായ സന്തോഷങ്ങൾ നിലനിൽക്കാതെപോകുന്നതും നാം അറിയുന്നു. ഇന്നത്തെ സന്തോഷനിമിഷങ്ങൾ നാളെ ആസ്വദിക്കാൻ നമുക്ക് കഴിയുന്നുമില്ല. മക്കൾ, സമ്പത്ത്, ലോകനേട്ടങ്ങൾ, സ്ഥാനമാനം, അംഗീകാരം, ഞാനെന്ന ഭാവം തുടങ്ങി ലോകസമാധാനത്തിന്റെയും, സന്തോഷത്തിന്റെയും ദിനങ്ങൾ നൈമിഷികമെന്ന് നാം അനുഭവത്തിൽ അറിയുന്നു. ലോകപ്രകാരമുള്ള സന്തോഷം എന്താണ്?

അത് നമ്മിലുള്ള ഒരു വികാരമാണ്. നാം ചിന്തിക്കയും പ്രവൃത്തിക്കയും ചെയ്യുന്ന കാര്യങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്ന നേട്ടങ്ങൾ നമ്മെ ആഹ്ലാദിപ്പിക്കുന്നു. അതുപോലെ സൃഷ്ടിപരമായ ഇടപെടൽമൂലം ഉണ്ടാവുന്ന മനസ്സിന്റെ നിറവ്, അർത്ഥവത്തായ പ്രവൃത്തി നൽകുന്ന സംതൃപ്തി, ഉപകാരസ്മരണ ഇതൊക്കെ നമ്മെ സന്തോഷിപ്പിക്കുന്നു. മഹാത്മാഗാന്ധി തന്റെ ചിന്തകളിൽ സന്തോഷത്തെ വിവരിച്ചത് ഇപ്രകാരമാണ് സന്തോഷം എന്നാൽ നാം ചിന്തിക്കുന്നതും, പറയുന്നതും, പ്രവൃത്തിക്കുന്നതും ഒരേ ദിശയിലാകുമ്പോൾ അഥവാ ഒന്നുപോലെയാകുമ്പോൾ ലഭിക്കുന്ന ഊഷ്മളമായ വികാരമാണ്.

ഡെയിൽ കാർണിജ് (Dale Carnegie) എന്ന ചിന്തകൻ സന്തോഷത്തെ നിർവ്വചിച്ചത്, സന്തോഷം ഒരു ബാഹ്യസ്ഥിതി അല്ല എന്നും, മനസ്സിന്റെ സമീപനമാണ്. എന്നുമാണ് ഇവയെല്ലാം ലോകത്തിന്റെ ബുദ്ധിയിൽനിന്ന് ഉയർന്നുവന്ന താത്വികവും, പ്രായോഗികതയിൽ ഊന്നിയതുമായ സന്തോഷത്തിന്റെ വ്യാഖ്യാനങ്ങളാണ്. എന്നാൽ എന്താണ് ക്രിസ്തീയ സന്തോഷം? എല്ലാ തലത്തിലും മാനുഷിക ബുദ്ധിക്ക്അതീതമായി അവാച്യമായി, നിലനിൽക്കുന്ന അനുഭവമാണത്. ലോകചിന്തകളിൽനിന്നും വ്യത്യസ്ഥമായ, വിവിധതലത്തിലുള്ള സന്തോഷത്തിന്റെ സങ്കലനമാണ് ക്രിസ്തീയ സന്തോഷം, പ്രത്യാശയാണ് ഈ വികാരത്തിന്റെ ഉറവിടം. ഒരു വാക്കിനാലോ പ്രവൃത്തിയാലോ ചില അനുഭവങ്ങളിലൂടെയോ ഒന്നും ക്രിസ്തീയ സന്തോഷത്തെ നിർവ്വചിക്കാനാവില്ല. നിലനിൽക്കുന്ന ക്രിസ്തീയ സന്തോഷം ഒരു വരമാണ്, സമ്മാനമാണ്. ക്രിസ്തീയ സന്തോഷത്തെ അനുഭവമാക്കാൻ നമുക്ക് ഒരുങ്ങാം. സങ്കീർത്തനം 84:5–ൽ കാണുന്നപ്രകാരം ദൈവമായ പിതാവിന്റെ ബലത്തിലാണ് നമ്മുടെ സന്തോഷം, ഈ പിതൃപുത്ര ബന്ധം ക്രിസ്തീയ സന്തോഷത്തിന്റെ അടിസ്ഥാനമാണ്. അപ്രകാരം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. (1 യോഹന്നാൻ 3:1) ഇത് ക്രിസ്തീയ സന്തോഷത്തിന്റെ അടിസ്ഥാനമാണ്. ആ പുത്രത്വം സന്തോഷമല്ലാതെ മറ്റെന്താണ്? വഴിയും സത്യവും ജീവനുമായി ക്രിസ്തു നമ്മുടെ കൂടെയുള്ളതല്ലേ ലോകം തരാത്ത സന്തോഷം. "ഇങ്ങനെ ജീവന്റെ വഴി യഹോവ എനിക്ക് കാണിച്ചുതരും. നിന്റെ സന്നിധിയിൽ സന്തോഷത്തിന്റെ പരിപൂർണ്ണതയുണ്ട്." (സങ്കീർത്തനം 16:11) എന്ന വിശ്വാസം നാം കാത്തുസൂക്ഷിക്കണം. നമ്മുടെ സാക്ഷ്യമായി നിലനിൽക്കണം.

ലോകം നൽകുന്ന സന്തോഷം താത്കാലികമാണെന്നും, എന്നാൽ ജീവന്റെ പൂർണ്ണത ക്രിസ്തുവിൽ മാത്രമാണെന്നുമുള്ള തിരിച്ചറിവാണ് ക്രിസ്തീയ സന്തോഷത്തിന്റെ നിലനിൽക്കുന്ന മാനം.

സ്വർഗ്ഗീയ സന്തോഷത്തിന്റെ മറ്റുചില കാരണങ്ങൾ (നിദാനങ്ങൾ)

**1. യഹോവ എന്റെ നാഥനും രക്ഷിതാവുമാണ്**

"നീ ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ ഉണ്ട്. ഭ്രമിച്ചുനോക്കേണ്ട ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലങ്കൈകൊണ്ട് ഞാൻ നിന്നെ താങ്ങും" (യെശയ്യാവ് 41:10) ഇതിൽ അധികമായി സന്തോഷം അനുഭവിക്കുവാൻ ഉതകുന്ന വചനം ആരെങ്കിലും നമ്മോട് പറഞ്ഞിട്ടുണ്ടോ? ഇതല്ലേ ക്രിസ്തീയ സന്തോഷം, ലോകത്തിന്റെ സന്തോഷ അനുഭവം എന്തെന്നാൽ, സമ്പത്തും, ആധിപത്യവും ഉള്ളപ്പോൾ സ്നേഹിതർ കൂടെയുണ്ടാവും. എന്നാൽ സങ്കടങ്ങളിൽ, വ്യാധികളിൽ, സമ്പത്ത് നഷ്ടമായിക്കഴിഞ്ഞാൽ, പരാജയങ്ങളിൽ ചുമൽതരുവാൻ ആരും ഉണ്ടാവുകയില്ല. കബറിടംവരെ വരുന്ന സ്നേഹത്തിനപ്പുറം ലോകം എന്തെങ്കിലും നൽകുമോ? ഇയ്യോബിന്റെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നത് ഈ ലോക സ്നേഹിതരുടെ സംവാദങ്ങളല്ലേ? എന്നാൽ കഷ്ടപ്പെടുമ്പോൾ, ഇനി എന്ത് എന്ന ചിന്തയിൽ ഭ്രമിച്ചുനിൽക്കുമ്പോൾ "ഞാൻ നിന്നോടൊപ്പം ഉണ്ട്" എന്ന കർത്താവിന്റെ സ്നേഹമുള്ള, സന്തോഷമുള്ള വചനമല്ലേ നമ്മെ ബലപ്പെടുത്തുന്നത്. അതാണ് ക്രിസ്തീയ സന്തോഷം

**2. നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്ന ദൈവം നമുക്കുണ്ട്**

ലോകനിയമവ്യവസ്ഥയിൽ കുറ്റങ്ങൾക്ക് ശിക്ഷയുണ്ട്. എന്നാൽ പാപത്തെ വെറുത്ത് പാപിയെ സ്നേഹിക്കുന്ന, ക്ഷമിക്കുന്ന സ്നേഹം ക്രിസ്തീയ സ്നേഹത്തിൽ മാത്രം കാണപ്പെടുന്നു.

"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതികളും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും, നീതിമാനുമാകുന്നു" (1 യോഹന്നാൻ 1:9). പാപിനിയായ സ്ത്രീയെ വിധിക്കാതെവിട്ട പാപമില്ലാത്ത കർത്താവ്, നമുക്ക് പാപമോചനം നൽകുന്ന വിശ്വസ്തനായ, നീതിമാനായ ദൈവമാകുന്നു എന്നതല്ലേ ക്രിസ്തീയ സന്തോഷത്തിന്റെ മകുടോദാഹരണം. ആ പ്രതിഫലേച്ഛയില്ലാത്ത (Agape love) സ്നേഹം അനുഭവിപ്പാൻ നമ്മെ യോഗ്യരാക്കിയതല്ലേ ക്രിസ്തീയ സന്തോഷം. ലോകത്തിന്റെ പാപത്തെ വഹിക്കുവാൻ സ്വർഗ്ഗംവിട്ടിറങ്ങിവന്ന ക്രിസ്തുവിലല്ലാതെ എന്തിലാണ് നമ്മുടെ ആശ്രയം.

എന്റെ പാപങ്ങൾക്കും, അതിക്രമങ്ങൾക്കും മറുവിലയായി പാപമില്ലാത്ത രക്തം നൽകിയ സ്നേഹം എങ്ങനെ വിസ്മരിക്കാനാകും.

**3. സകലവും നമ്മുടെ നന്മക്കായി ചെയ്യും.**

"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു" (റോമർ 8:28). ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്ത പിതാവിന്റെ സ്നേഹമല്ലേ ക്രിസ്തീയ സന്തോഷം. സകലവും നന്മെക്കായി വ്യാപരിപ്പിക്കുന്ന ദൈവം നമ്മോട് കൂടെയുണ്ട് എന്ന ബോധ്യമല്ലേ ക്രിസ്തീയ സന്തോഷത്തിന്റെ മറ്റൊരു മുഖം.

**4. യേശു നമ്മുടെ ഹൃദയത്തിൽ ജീവിക്കുന്നു.**

അനുദിനം നമ്മെ നിർമ്മലമായ സ്നേഹത്തോടെ തന്നിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന, സക്കായിയുടെ ഭവനത്തിൽ പാർത്ത, കുഷ്ഠരോഗിയെ സൗഖ്യമാക്കിയ, മരിച്ചവരെ ഉയിർപ്പിച്ച കർത്താവ് ഇന്നും നമ്മുടെ ഹൃദയത്തിൽ വസിച്ച് ആ നിത്യമായ ജീവിതത്തിന് നമ്മെ തന്റെ നെഞ്ചോടു ചേർക്കുന്ന ആ ദിവ്യസ്നേഹം ആസ്വദിക്കാതിരിക്കാൻ എങ്ങനെ കഴിയും. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." (വെളിപ്പാട് 3:20) നമ്മുടെ ഹൃദയവാതിൽക്കൽ നിരന്തരം മുട്ടിക്കൊണ്ടിരിക്കുന്ന ആത്മനാഥന്റെ ഇമ്പസ്വരം കേൾക്കാൻ നമ്മുടെ കാതുകളെ തുറക്കുന്നതല്ലേ ക്രിസ്തുസ്നേഹത്തിന്റെ മനോഹാരിത! ലോകം നിഷേധിക്കുന്ന സ്നേഹത്തിന്റെ ഉദാത്തമായ അനുഭവം ആണ് ക്രിസ്തു നമുക്ക് നൽകിയിരിക്കുന്നത്. ക്രിസ്തുവുമായി നമ്മുടെ ജീവിതത്തെ പങ്കുവെക്കുവാനുള്ള ആഹ്വാനമാണ് ക്രിസ്തു നമുക്ക് നൽകുന്നത്. ഒരു യോഗ്യതയും ഇല്ലാതെയിരിക്കെ ഇത്രമേൽ നമ്മെ സ്നേഹിക്ക മാത്രം ചെയ്യുന്ന ആ നിത്യസ്നേഹത്തെ നാം ഹൃദയത്തിൽ സ്വീകരിച്ചു ആനന്ദം അനുഭവിക്കുന്നതാണ് ക്രിസ്തീയ സന്തോഷം.

**5. അവൻ നമുക്കായി സ്വർഗ്ഗത്തിൽ ഭവനം പണിതിരിക്കുന്നു.**

ലോകം തരാത്ത സന്തോഷം നമുക്ക് സൗജന്യമായി നൽകി, വഴിനടത്തുവാൻ കാര്യസ്ഥനായ ആത്മാവിനെ നൽകി ക്രിസ്തു പിതാവിന്റെ അടുക്കൽ പ്രവൃത്തിക്കുന്നത് ഇന്നും നമ്മെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കുവാനല്ലേ?

സ്വർഗ്ഗത്തിൽ നമുക്ക് വാസസ്ഥലം ഒരുക്കുന്നത് ക്രിസ്തീയമായ സന്തോഷത്തിന്റെ പൂർത്തീകരണമല്ലേ? കൃപയാൽ, അയോഗ്യതയെ നീക്കി പുത്രത്വത്തിന്റെ പദവി നൽകുന്ന കർത്താവ് എനിക്കായി ഭവനം ഒരുക്കിയിരിക്കുന്നു എന്നതല്ലേ ക്രിസ്തീയ സന്തോഷം. വി. പൗലൊസ് കൊരിന്ത്യസഭയോട്

(ശേഷം പേജ് 8 - ൽ)



ജീവിത ചിന്തകൾ



ഡോ. നെൽസൻ മാത്യു വാലയിൽ

# സൗമ്യമായ ശക്തി

"**സൗ**മ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും." (മത്തായി 5:5)

"സൗമ്യത'യെ നിർവ്വചിക്കാൻ ആവശ്യപ്പെട്ടാൽ 'ഭീരുത്വം,' 'മൃദുത്വം,' അല്ലെങ്കിൽ 'മറ്റുള്ളവരെ നമ്മെ ഭരിക്കാൻ അനുവദിക്കൽ' എന്നെല്ലാം പലരും പറയും. നമ്മുടെ ആധുനിക സംസ്കാരത്തിൽ, സൗമ്യതയെ പലപ്പോഴും ബലഹീനതയായി കണക്കാക്കുന്നു.

എന്നാൽ തിരുവെഴുത്തിൽ, സൗമ്യത ബലഹീനതയല്ല. വാസ്തവത്തിൽ, അത് ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും ശക്തമായ ഭാവങ്ങളിൽ ഒന്നാണ് – ദൈവമുമ്പാകെ താഴ്മയിൽ വേരൂന്നിയ, നിയന്ത്രണത്തിലുള്ള ഒരു ശക്തി.

ഒരു പന്തയക്കുതിരക്ക് വളരെയധികം ശക്തിയാണുള്ളത്. ഏത് നിമിഷവും സ്വതന്ത്രമായി ഓടുവാൻ കഴിവുള്ളതാണെങ്കിലും പരിശീലിപ്പിക്കപ്പെട്ട കുതിര, കടിഞ്ഞാണിന്റെ ചെറിയ സംവേദനങ്ങൾക്കുപോലും വിധേയമായി പ്രതികരിക്കുന്നു. അതാണ് സൗമ്യത – ശക്തിയുടെ അഭാവമല്ല, മറിച്ച് ഉയർന്ന കരങ്ങൾക്ക് സ്വയമായി കീഴടങ്ങുന്നു.

സംഖ്യാപുസ്തകം 12:3ൽ പറയുന്നു: "മോശെ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകലമനുഷ്യരിലും അതിസൗമ്യനായിരുന്നു." ശ്രദ്ധേയമാണിത്. ഫറവോനെ നേരിട്ട, ദശലക്ഷക്കണക്കിന് യിസ്രായേല്യരെ മിസ്രയീമിൽനിന്ന് നയിച്ച, അവരെ ചെങ്കടൽ കടത്തിയ, ദൈവത്തിന്റെ നിയമം സ്വീകരിക്കുവാൻ നിയോഗിതനായ ശക്തനായ മോശെയെ ഇവിടെ ഓർമ്മിക്കുന്നത് അവന്റെ സൗമ്യതയുടെ പേരിലാണ്. മോശെയുടെ സൗമ്യത അവനെ നിഷ്ക്രിയനാക്കിയില്ല – അത് അവനെ ദൈവത്തിന്റെ കരങ്ങളിൽ വഴങ്ങുന്നവനാക്കി. സ്വന്തം ശക്തിയല്ല അവനെ നയിച്ചത്, മറിച്ച് ദൈവത്തിലുള്ള ആശ്രയം അവനെ നയിച്ചു. സംഖ്യാപുസ്തകം അദ്ധ്യായം 12-ൽ അവന്റെ നേതൃത്വം വെല്ലുവിളിക്കപ്പെട്ടപ്പോൾ പോലും മോശെ അഹങ്കാരത്തോടെ തിരിച്ചടിച്ചില്ല. ദൈവം തന്നെ സംരക്ഷിക്കുമെന്ന് അവൻ വിശ്വസിച്ചു. സൗമ്യതയുടെ ഏറ്റവും വ്യക്തമായ ചിത്രം യേശുവിൽ തന്നെയാണ്. ഫിലിപ്പിയർ 2:6–8 പറയുന്നു: "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു.' തന്റെ ക്രൂശീകരണം തടയുവാൻ യേശുവിന് ദൂതന്മാരുടെ സൈന്യത്തെ വിളിക്കാമായിരുന്നെങ്കിലും (മത്തായി 26:53), പകരം, പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനായി അവൻ സ്വയം വിധേയപ്പെട്ടു. "സൗമ്യത എന്നാൽ മിണ്ടാതെയിരിക്കുക എന്നല്ല. പരുഷമായി നിൽക്കാതെ ഉറച്ചുനിൽക്കുവാനും, തകർക്കാതെ തിരുത്തുവാനും, കുറ്റപ്പെടുത്താതെ നേരിടാനുമുള്ള കഴിവാണിത്.

സദൃശവാക്യങ്ങൾ 15:1 പറയുന്നു: "മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു." നാം സൗമ്യമായി

പ്രതികരിക്കുമ്പോൾ, പിരിമുറുക്കം ഒഴിവാകുകയും ദൈവാത്മാവിന് പ്രവർത്തിക്കാനുള്ള വാതിൽ തുറക്കുകയും ചെയ്യുന്നു.

ഒരു യുവാവ് ജോലിസ്ഥലത്ത് തന്റെ വിശ്വാസത്തിന്റെ പേരിൽ നിരന്തരം പരിഹസിക്കപ്പെട്ടിരുന്നു. എന്നാൽ യുവാവ് തിരിച്ചടിക്കുന്നതിനു പകരം, ദയയോടെയും നിശബ്ദതയോടെയും അതിനോടു പ്രതികരിച്ചു. കാലക്രമേണ, ഒരിക്കൽ അയാളുടെ ഏറ്റവും കടുത്ത വിമർശകരിൽ ഒരുവൻ തന്റെ പ്രതിസന്ധിഘട്ടത്തിൽ പ്രാർത്ഥനക്കായി അഭ്യർത്ഥിച്ചുകൊണ്ട് സ്വകാര്യമായി ആ യുവാവിനെ സമീപിക്കുകയുണ്ടായി. ഇതാണ് സൌമ്യതയുടെ ശാന്തമായ ശക്തി. അത് നമ്മെ എതിർക്കുന്നവരിൽനിന്ന്പോലും ശാന്തമായി വിശ്വാസം നേടുന്നു.

**സൌമ്യത എങ്ങനെ വളർത്താം**

സൌമ്യത ഒരു വ്യക്തിത്വ സ്വഭാവമല്ല അത് ആത്മാവിന്റെ ഫലമാണ് (ഗലാത്യർ 5:23). അതായത്, നാം ദൈവവുമായി അടുത്തു നടക്കുമ്പോൾ അത് വളരുന്നു. ദൈവത്തിന്റെ പരമാധികാരത്തിൽ വിശ്വസിക്കുന്നതിൽനിന്നാണ് സൌമ്യത ഉടലെടുക്കുന്നത്.

- പ്രതികരിക്കുന്നതിന് മുമ്പ് പ്രാർത്ഥിക്കുക. വാക്കുകളെ നയിക്കാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുക.
- സംസാരിക്കുന്നതിനെക്കാൾ കൂടുതൽ കേൾക്കാൻ പരിശീലിക്കുക. യാക്കോബ് 1:19 "ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവുമുള്ളവൻ ആയിരിക്കട്ടെ".

ശബ്ദപ്രകടനത്തിനും സ്വയഉന്നമനത്തിനും ആധിപത്യത്തിനും വിലകൽപ്പിക്കുന്ന ഒരു സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ യേശു തന്റെ അനുയായികളെ വ്യത്യസ്തമായ വഴിയിലേക്കാണ് വിളിക്കുന്നത്. ആത്യന്തികമായി, ശക്തരായവരോ ഏറ്റവും ആക്രമണകാരികളോ അല്ല വിജയിക്കുന്നത്. നിശബ്ദമായും, വിശ്വസ്തതയോടെയും, എളിമയോടെയും ദൈവത്തോടൊപ്പം നടക്കുന്നവരാണ്. സൌമ്യതയുടെ വഴിയിലൂടെ സഞ്ചരിക്കുന്നവർ നിത്യരാജ്യത്തിൽ പങ്കുചേരുമെന്നത് ഒരു ദൈവിക വാഗ്ദാനമാണ്.

സൌമ്യത ലോകത്തിന് മനസ്സിലാക്കാൻ കഴിയാത്ത ഒരു ശക്തിയാണ്, പക്ഷേ സ്വർഗ്ഗം വളരെയധികം വിലമതിക്കുന്നതും. അത് സ്വാഭാവിക സ്വഭാവത്തിൽനിന്നല്ല വരുന്നത് - മറിച്ച് യേശുവിനോടൊപ്പമായിരിക്കുന്നതിലൂടെയും, അവന്റെ ഹൃദയം പഠിക്കുന്നതിലൂടെയും, അവന്റെ കരങ്ങളിൽ ആശ്രയിക്കുന്നതിലൂടെയും വരുന്നു.

*"കർത്താവേ, സൌമ്യത എന്നെ പഠിപ്പിക്കേണമേ. അഹങ്കാരം ഉപേക്ഷിക്കുവാൻ എന്നെ സഹായിക്കേണമേ. എന്റെ വാക്കുകളും പ്രവൃത്തികളും നിന്റെ ഹൃദയത്തെ പ്രതിഫലിപ്പിക്കേണ്ടതിന് നിന്റെ ആത്മാവിനാൽ എന്നെ നിറക്കേണമേ. ആമേൻ."*

●●●

(പേജ് 6 - ൽ നിന്നും)

ഓർമ്മപ്പെടുത്തിയത് ഇന്നും അംഗീകരിപ്പാൻ യോഗ്യമാണ്. 'കൂടാരമായ ഭൗമഭവനം അഴിഞ്ഞുപോയാൽ, കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു." "അതിന്നായി ഞങ്ങളെ ഒരുക്കിയത് ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം തന്നേ" (2 കൊരിന്ത്യർ 5:1, 5) വി. പൌലൊസിനോട് ചേർന്ന് നമുക്കും ഈ പ്രതിഫലം സ്വർഗ്ഗത്തിൽ ഒരുക്കിയിരിക്കുന്നു എന്നതാണ് വിശ്വസിക്കേണ്ട സത്യം. പരിശുദ്ധാത്മാവ് കാര്യസ്ഥനായി നമ്മോട് ചേർന്ന്, വഴിനടത്തി ആ നിത്യഭവനവാസക്കാരായി നമ്മെ രൂപാന്തരം പ്രാപിക്കാൻ അനുവദിക്കുന്നതല്ലേ ക്രിസ്തീയ സന്തോഷം. നമുക്ക് ജീവൻ നൽകുവാനും, അത് സമൃദ്ധിയായി നൽകുവാനും സ്വർഗ്ഗം വെടിഞ്ഞ് കടന്നുവന്ന ക്രിസ്തു വാഗ്ദാനംചെയ്ത ആ സന്തോഷം നമുക്കും അനുഭവിക്കാം. (യോഹന്നാൻ 10:10)

നാം നിത്യജീവൻ പ്രാപിക്കേണ്ടതിന്നു സ്വന്തപുത്രനെ നമ്മുടെ പാപങ്ങൾക്കായി മറുവിലയാക്കിയ, നമ്മെ സ്നേഹിച്ച, (യോഹന്നാൻ 3:16) ആ സ്നേഹം അവർണ്ണനീയം തന്നേ. ആയതിനാൽ ക്രിസ്തീയ സന്തോഷം എന്തെന്നാൽ ക്രിസ്തു നമ്മെ സ്നേഹിച്ചതും, നമുക്കായി തന്റെ ജീവനെ നൽകിയതുമാണ്. വി. പൌലൊസ് ഫിലിപ്പിയസഭക്ക് നൽകിയ ദൂത് (ഫിലിപ്പ്യർ 4:4) പറയുംപോലെ നമുക്ക് കർത്താവിൽ എപ്പോഴും സന്തോഷിക്കാം. ഈ ആഹ്വാനം ഹൃദയത്തിൽ സ്വീകരിക്കാം. വാർദ്ധ്യകത്തിൽ നമ്മുടെ സന്തോഷവും പ്രത്യാശയും നഷ്ടപ്പെട്ടു പോകാതിരിപ്പാൻ നമുക്ക് പ്രാർത്ഥിക്കാം. ലോകത്തിനും മരണത്തിനും എടുത്തു കളയുവാൻ സാധിക്കാത്തതും ദൈവം നമുക്കായി ഒരുക്കിയിട്ടുള്ളതുമായ നിത്യമായ സ്വർഗ്ഗീയവാസം നമുക്ക് നിത്യസന്തോഷവും പ്രത്യാശയും പകരുന്നതാണ്. നിത്യമായ ക്രിസ്തീയ സന്തോഷം അനുഭവിക്കാം. നമ്മെ തന്നെ ഒരുക്കാം.

●●●



ടീച്ചർ



ജാൻസി ജോൺ

# വിലയേറിയ ബോട്ട്

**ബാ**ബുവിന് അമ്മയില്ലായിരുന്നു. വളരെ ചെറുപ്രായത്തിൽ അവന്റെ അമ്മ ഈ ലോകത്തോടു വിടപറഞ്ഞു. അച്ഛന്റെ സംരക്ഷണയിൽ ബാബു വളർന്നു. ബാബുവിന്റെ അച്ഛൻ മരപ്പണിക്കാരനായിരുന്നു. ഒരുദിവസം അച്ഛൻ ബാബുവിന് ഒരു സമ്മാനം കൊടുത്തു. അച്ഛൻ വളരെ സന്തോഷത്തോടെ ഒരു ബോട്ട് ഉണ്ടാക്കി കൊടുത്തു. ആ ബോട്ട് വളരെ ഭംഗിയുള്ളതായിരുന്നു. ബാബു ബോട്ട് ചേർത്ത് പിടിച്ചു. തന്റെ വീടിനടുത്തുള്ള പുഴയുടെ തീരത്തേക്ക് പോയി. ഇന്ന് എന്റെ ബോട്ട് ഞാൻ പുഴയിലിറക്കും. ആ കാര്യം അച്ഛനോട് പറഞ്ഞു. അച്ഛൻ ബോട്ട് സൂക്ഷിക്കുന്നതിനായി ഒരു ചരട് ബോട്ടിൽ കെട്ടി. ആഹ്ലാദത്തോടെ ബാബു പുഴത്തീരത്തെത്തി. ബോട്ട് സന്തോഷത്തോടെ പുഴയിലിറക്കി. ബോട്ട് ഓടിത്തുടങ്ങി. പെട്ടെന്ന് തന്റെ കയ്യിലുള്ള ചരട് പൊട്ടിപ്പോയി. ബോട്ട് പുഴയുടെ ആഴങ്ങളിലേക്ക് പോയി. നിരാശനായ ബാബു കരഞ്ഞുകൊണ്ട് വീട്ടിൽ തിരിച്ചെത്തി. അച്ഛൻ ബാബുവിനെ ആശ്വസിപ്പിച്ചു. ബാബു വളരെ സങ്കടത്തോടെ വീട്ടിലിരുന്നു.

ഒരുദിവസം അച്ഛനോടൊത്ത് സായാഹ്നസവാരിക്കിറങ്ങിയ ബാബു കടൽത്തീരത്തുകൂടെ നടക്കുകയായിരുന്നു. അപ്പോൾ അവന്റെ കണ്ണുകൾ എന്തോ ഒന്നിൽ ഉടക്കി. അത് മറ്റൊന്നും ആയിരുന്നില്ല. അവന്റെ ബോട്ട് ഒരു കടയിൽ തൂങ്ങിക്കിടക്കുന്നു. അവൻ ഓടിച്ചെന്ന് ബോട്ടിനെ പിടിച്ചു. ഇത് എന്റെ ബോട്ടാണ്. ഇത് എനിക്കു വേണം. എന്നാൽ കടക്കാരൻ അവനെ തടഞ്ഞു. ഇത് നിന്റെയല്ല. ഞാൻ മുക്കുവരിൽനിന്ന് വാങ്ങിയതാണ്. നിനക്ക് ഇത് വില തന്ന് വാങ്ങാം. അവൻ അച്ഛന്റെ മുഖത്തേക്ക് ദയനീയമായി നോക്കി. അച്ഛൻ അവനെ സമാധാനിപ്പിച്ചു. ആ ബോട്ട് വീണ്ടും വിലകൊടുത്ത് വാങ്ങി. ബോട്ട് കിട്ടിയ സന്തോഷത്തോടെ ബാബു ബോട്ടിനോട് പറഞ്ഞു. ഒരിക്കൽ നീ എന്റെ സ്വന്തമായിരുന്നു. ഇന്ന് ഞാൻ വീണ്ടും നിന്നെ വിലകൊടുത്ത് വാങ്ങിയിരിക്കുന്നു. ഇനി ഞാൻ നിന്നെ നഷ്ടപ്പെടുത്തുകയില്ല. നീ എന്റേതാണ്.

കൂട്ടുകാരേ, നാമും നഷ്ടപ്പെട്ടവരായിരുന്നു. നമ്മുടെ യേശുഅപ്പച്ചൻ നമ്മെ സ്നേഹിച്ച് തന്റെ രക്തം മുഴുവനായി ഊറ്റിക്കൊടുത്ത് നമ്മെ വീണ്ടെടുത്തിരിക്കുന്നു.

നമ്മുടെ ജീവിതം യേശുഅപ്പച്ചനുവേണ്ടി നമുക്ക് സമർപ്പിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹന്നാൻ 3:16)

●●●

# സെപ്റ്റംബർ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

# ഓൺലൈൻ പ്രോഗ്രാമുകൾ

## ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

**Meeting ID : iibyyvdseq**

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.09.2025 | തിങ്കൾ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | കുഴൂർ (പോക്കാട്ട് ശ്രീ. ബേബി ജോർജിന്റെ ഭവനം) |
| 04.09.2025 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 06.09.2025 | ശനി | 10 am - 1.15 pm | ഫാമിലി മീറ്റ് തിരുവോണത്തോടനുബന്ധിച്ച് | മിഷൻസെന്റർ |
| 11.09.2025 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | വാളകം (ഓണംതുരുത്തിൽ ശ്രീ. ഒ. ജെ. പൌലൊസിന്റെ ഭവനം) |
| 13.09.2025 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| 14.09.2025 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | ഇരിങ്ങോൾ (മൂലേക്കുടി ശ്രീ. എം. എ. മത്തായിയുടെ ഭവനം) |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | പെരുമാനി (ഐക്കരക്കുടി ശ്രീ. എ. വി. ബെന്നിയുടെ ഭവനം) |
| 20.09.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 25.09.2025 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | പുന്നയം (ചെറിയവേലൂർ പുത്തൻവീട് ശ്രീ. സി. റ്റി. ഉമ്മന്റെ ഭവനം) |
| 27.09.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |



ക്രിസ്തീയ
കുടുംബം



പ്രൊഫ. ജോൺ
സഖറിയ

# ഇത്രയൊക്കെ ചിന്തിക്കണോ?

**ദൈ**വത്തിന്റെ പൂർണ്ണഹിതം തിരിച്ചറിയുന്നതിനെക്കുറിച്ചും വിവാഹജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും കഴിഞ്ഞ ലക്കങ്ങളിൽ നാം ശ്രദ്ധിച്ചു.

ഇത്രയൊക്കെ ഗഹനമായും ആഴത്തിലും നാം ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ടോ എന്ന ചോദ്യം ഉയർന്നുവരാം. ജീവിതത്തിൽ ഒരു പ്രൊഫഷനെപ്പറ്റി തീരുമാനമെടുക്കുന്നത് ഒരു ദിവസം കൊണ്ടോ ഒരു മാസംകൊണ്ടോ അല്ല വർഷങ്ങൾ കൊണ്ടാണ്. ഒരുപക്ഷേ ചിലരെങ്കിലും എട്ടാം ക്ലാസ് മുതൽ തീരുമാനങ്ങൾ എടുത്തിട്ടാണ് പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ് ഒരു പ്രൊഫഷൻ തെരഞ്ഞെടുക്കുന്നത്. ഒരിക്കൽ ഒരു പ്രൊഫഷൻ തെരഞ്ഞെടുത്താൽ അല്പം ബുദ്ധിമുട്ടിയാണെങ്കിലും അതിന് മാറ്റം വരുത്തുന്നതിന് പ്രയാസമില്ല. എന്നാൽ വിവാഹജീവിതം അങ്ങനെയല്ല. ഒരിക്കൽ വിവാഹിതനാ(യാ)യാൽ അത് ഒരിക്കലും തിരുത്തപ്പെടുവാൻ സാദ്ധ്യമല്ല. മാത്രമല്ല ഒരു ജോലി പോലെ അല്ല; ജീവിതാന്ത്യംവരെ രണ്ട് വ്യക്തികൾ ഒരുമിച്ച് സന്തോഷമായി ഒരേ ലക്ഷ്യത്തിൽ ജീവിക്കുന്ന ഒരു അനുഭവം; അത് വളരെ സൂക്ഷിച്ച് എടുക്കേണ്ട തീരുമാനമാണ്.

പണ്ടൊക്കെ മാതാപിതാക്കളും ബന്ധുക്കളും അവരുടേതായ പരിഗണനകൾ വച്ച് ജീവിതപങ്കാളിയെ തെരഞ്ഞെടുത്ത് നൽകിയിട്ട് കുടുംബബന്ധങ്ങൾക്ക് എന്ത് കുറവുണ്ടായി? എലെയാസർ തെരഞ്ഞെടുത്തുകൊണ്ടുവന്ന റിബേക്കയെ യിസ്ഹാക്ക് സ്വീകരിച്ചിട്ട് എന്ത് ദോഷം വന്നു? ന്യായമായ ചോദ്യമാണിത്.

ഉത്തരം രണ്ടാണ്. വേദപുസ്തകം പഠിക്കുമ്പോൾ എലെയാസർ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സ്ഥാനത്ത് ആണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇവിടെ തീരുമാനമെടുത്തു കൊണ്ടുവന്നത് പരിശുദ്ധാത്മാവാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് നടത്തുന്ന തീരുമാനങ്ങൾ ഒരിക്കലും തെറ്റായിപ്പോവുകയില്ല. രണ്ടാമത് യിസ്ഹാക്ക് എലെയാസറിനെ വിശ്വസിച്ച് ഭരമേല്പിച്ചിട്ട് എത്രയോ ദിവസങ്ങൾ, മണിക്കൂറുകൾ ഇതിനായി പ്രാർത്ഥനയിൽ ചെലവഴിച്ചു എന്ന് മനസ്സിലാക്കാം.

പണ്ടുകാലത്തും കുടുംബങ്ങളിൽ അസ്വസ്ഥതകളും പ്രശ്നങ്ങളും ധാരാളം ഉണ്ടായിരുന്നു. അന്നത്തെ സാമൂഹ്യ, സാമ്പത്തിക ചുറ്റുപാടുകളിൽ സഹിപ്പാനും ക്ഷമിപ്പാനും കൂടുതൽ പ്രാപ്തി മനുഷ്യർക്കുണ്ടായിരുന്നു. തകർന്ന ജീവിതങ്ങളും ഉണ്ട്. എന്നാൽ ഇന്നോ? സ്വതന്ത്ര ചിന്താഗതി വിശ്വാസികൾക്ക്വരെ കഴിഞ്ഞ കാലങ്ങളെക്കാൾ വളരെയാണ്. ഇന്ന് സഹിക്കാനുള്ള കഴിവുകൾ കുറവാണെന്ന് മാത്രമല്ല സഹിക്കേണ്ടതിന്റെ ആവശ്യം തീരെയില്ല എന്ന ചിന്തയാണ് ഇന്നത്തെ തലമുറക്ക്. വിവാഹജീവിതത്തിന്റെ പരിശുദ്ധിയെയും ദൈവവചനം അനുസരിച്ച് വേർപെടുത്താൻ സാദ്ധ്യമല്ലാത്ത അവസ്ഥയെയും പറ്റി ബോദ്ധ്യമില്ലാത്തവർക്ക് സഹനശക്തിയുടെ ആവശ്യകതയെക്കുറിച്ചും ബോധ്യമുണ്ടാവില്ല. കുടുംബത്തിന്റെ പേരിൽ കളങ്കം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഉള്ള ചുറ്റുപാടിൽ നിൽക്കുകയല്ലാതെ പോംവഴി ഇല്ലെന്ന പണ്ടത്തെ ചിന്താഗതിക്ക്, അവസ്ഥക്ക്, സാമൂഹ്യമായി എത്രയോ വ്യത്യാസം വന്നു. ആരോടും വിധേയത്വമില്ലാതെ സ്വാർത്ഥതയിൽ കഴിയാനുള്ള അഹന്ത വിശ്വാസികളിലും ഒട്ടും കുറവല്ല. സ്വന്തം താത്പര്യങ്ങൾ ബലികഴിക്കാൻ പഴയ തലമുറയോളം സന്നദ്ധത ഇന്നത്തെ തലമുറക്ക് ഇല്ല. മാത്രമല്ല അന്നത്തേതിനെക്കാൾ മനോഹരമായ, ധാരണയുള്ള, ഐക്യമുള്ള, കുടുംബജീവിതംകൊണ്ട് കർത്താവിനെ മഹത്വപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ തെരഞ്ഞെടുപ്പുകളുടെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കണം. പ്രശ്നങ്ങളുണ്ടാകുമ്പോൾ പഴിചാരാൻ മറ്റുള്ളവരെ അന്വേഷിച്ചതുകൊണ്ട് രക്ഷപ്പെടാൻ സാദ്ധ്യമല്ല.

രക്ഷിക്കപ്പെട്ടവരും ക്രിസ്തീയ ശുശ്രൂഷകരായ മാതാപിതാക്കൾ പോലും മറ്റുള്ളവരോട് ഇക്കാര്യങ്ങളിൽ ഗുണദോഷങ്ങൾ പറഞ്ഞുകൊടുത്തിട്ട് സ്വന്തം മക്കളുടെ കാര്യങ്ങൾ വരുമ്പോൾ 'ഒരുമാതിരി നല്ലൊരു സ്വഭാവം ഉണ്ടെങ്കിൽ 'രക്ഷിക്കപ്പെട്ടോ എന്നുപോലും അന്വേഷിക്കാതെ സമ്പത്ത്, സൗന്ദര്യം, കുടുംബം മുതലായ പരിഗണനകൾ വച്ച് തീരുമാനമെടുക്കുകയും മക്കളെ നിർബന്ധിക്കുകയും ചെയ്യാറുണ്ട്. ദൈവത്തിന്റെ ഉത്തമമായത് ആത്യന്തികമായി ലക്ഷ്യമാക്കുന്ന ഒരു യുവാവിന്/ യുവതിക്ക് ദൈവത്തിന്റെ പൂർണ്ണഹിതം മനസ്സിലാക്കി അനുസരിക്കുവാൻ ബാദ്ധ്യതയുണ്ട്. അല്ലെങ്കിൽ അവർ പരാജിതരും പ്രയോജനരഹിതരും നഷ്ടം സഹിക്കേണ്ടവരും ആയിത്തീരും. ആയതിനാൽ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് വളരെയധികം ചിന്തിക്കേണ്ടതുണ്ട്.

**എന്ത് ചെയ്യണം? 7 പ്രമാണങ്ങൾ**

1. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് വളരെയേറെ പ്രാർത്ഥിക്കണം. വ്യക്തിപരമായ നല്ല താത്പര്യങ്ങളും ആദർശങ്ങളും ലക്ഷ്യങ്ങളും ഉണ്ടെങ്കിൽ അവയും ദൈവസന്നിധിയിൽ വെക്കുക. "എങ്കിലും എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം തന്നേ ആകട്ടെ" എന്ന യേശുക്രിസ്തുവിന്റെ തുറന്ന മനസ്ഥിതി നമ്മിലും ഉണ്ടാകണം. സംതൃപ്തമായ, ദൈവത്തിനും സഭക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന, മാതൃകയുള്ള, സാക്ഷ്യമുള്ള ഒരു കുടുംബജീവിതത്തിനുവേണ്ടി ആഗ്രഹിക്കുകയും ആയതിനുവേണ്ടി എന്ത് ചെലവും സഹിക്കുവാൻ ദൈവസന്നിധിയിൽ സമർപ്പിക്കുകയും വേണം.

2. മാതാപിതാക്കളും മറ്റും സജീവമായി നിങ്ങൾക്കുവേണ്ടി വിവാഹാലോചന തുടങ്ങുമ്പോൾ ത്തന്നെ നിങ്ങളുടെ വിട്ടുവീഴ്ച ചെയ്യാനാവാത്ത മുൻഗണനകളും അത്യാവശ്യ താൽപ്പര്യങ്ങളും അവരെ വ്യക്തമായി അറിയിച്ചിരിക്കണം. ഓർക്കുക. മക്കളുടെ തീരുമാനമെടുക്കുവാനുള്ള പക്വതയെപ്പറ്റി മിക്കവാറും മാതാപിതാക്കൾക്ക് - വിശ്വാസികൾക്ക് പ്രത്യേകിച്ച് - അഭിപ്രായം ഒന്നും കാണുകയില്ല. അതേസമയം മാതാപിതാക്കളെക്കാൾ തീരുമാനം എടുക്കുവാൻ നിങ്ങൾ മിടുക്കൻ ആണെന്നുള്ള ഭാവവും ഉണ്ടാകരുത്. ആയതിനാൽ മാതാപിതാക്കളുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ടു തന്നേ തന്മയത്വമായി, എന്നാൽ സ്പഷ്ടമായി, വേണം മാതാപിതാക്കളെ തങ്ങളുടെ മുൻഗണനകൾ ധരിപ്പിക്കുവാൻ

3. വരുന്ന ആലോചനകളുടെയെല്ലാം പിന്നാലെ ഓടരുത്. 32 ആലോചനകൾ പരിഗണിച്ചിട്ട് അവസാനം എടുത്ത തീരുമാനം നിത്യദുഃഖത്തിന് കാരണമായിത്തീർന്ന, വളരെ നല്ലവനായ, ഒരു യുവാവിനെ എനിക്കറിയാം. പ്രാർത്ഥനാപൂർവ്വം ഓരോ ആലോചനക്കും സാവകാശത്തിൽ പ്രതികരിക്കണം. വിദേശങ്ങളിൽനിന്ന് അവധിക്ക് വരുമ്പോൾ രണ്ടാഴ്ചക്കകം 10 പേരെ കണ്ട് ഒന്നിനെ തീരുമാനിക്കുന്ന സ്ഥിതി പൂർണ്ണമായും ഒഴിവാക്കണം. ആ കെണിയിൽ നാട്ടിലുള്ള ചെറുപ്പക്കാരും വീഴരുത്. അപ്രകാരം അപകടത്തിൽപ്പെട്ടതിന്റെ ഉദാഹരണങ്ങൾ വളരെയുണ്ട് പറയാൻ.

4. ആലോചനയിൽ വരുന്ന വ്യക്തിയോട് വ്യക്തിപരമായി ആശയവിനിമയത്തിന് അവസരം എടുക്കണം. പക്വത വന്ന ഒരു സ്നേഹിതന്റെ / സ്നേഹിതയുടെ സാന്നിദ്ധ്യം, സഹായം വളരെ നല്ലതാണ്. മുൻഗണനകളെയും ജീവിത ലക്ഷ്യത്തെയും പറ്റി പങ്കിട്ട് പ്രാർത്ഥിച്ച് തീരുമാനമെടുക്കുവാൻ അന്യോന്യം സാവകാശം നൽകണം.

5. ഉത്തമരായ, പക്വതവന്ന സ്നേഹിതരിലൂടെ സ്വയം ബോദ്ധ്യംവരത്തക്കവണ്ണം ആലോചനയിലുള്ള വ്യക്തിയെപ്പറ്റി സൂക്ഷ്മമായി അറിയേണ്ട കാര്യങ്ങൾ (നേരിട്ട് ചോദിച്ചറിഞ്ഞ കാര്യങ്ങളും) അന്വേഷിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം വേണം തീരുമാനം എടുക്കുവാൻ.

6. ഉള്ളിൽ ബോദ്ധ്യവും സ്വസ്ഥതയും ലഭ്യമാകുന്നതിനുമുമ്പ് നിങ്ങളെക്കൊണ്ട് തീരുമാനം എടുപ്പിക്കുവാനുള്ള ഏത് സമ്മർദ്ദത്തെയും, എത്ര ഉറ്റവരിൽനിന്നായാലും, പ്രാർത്ഥനാപൂർവ്വം തന്ത്രപരമായി, ദൈവകൃപയിൽ ചെറുക്കണം.

7. തീരുമാനമെടുക്കുന്ന പ്രക്രിയയിൽ അപ്പപ്പോൾ ആലോചന ചോദിക്കുന്നതിന് പക്വതവന്ന ഒരു സ്നേഹിതനോ ക്രിസ്തീയ ശുശ്രൂഷകനോ നിങ്ങൾക്ക് ഉണ്ടായിരിക്കുന്നത് വളരെ നന്നായിരിക്കും

ദൈവത്തിന്റെ പൂർണ്ണഹിതം അറിയുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി ഓരോ തീരുമാനകാലഘട്ടത്തിലും പോരാട്ടത്തിന്റെ, ആന്തരിക സംഘർഷത്തിന്റെ അവസ്ഥയിൽ ആയിരിക്കും (റോമർ 7:8-25). എന്നാൽ ദൈവകൃപയിൽ ആശ്രയിക്കുന്നവർക്ക് 'നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു' എന്ന വിജയഭേരി ഓരോ തീരുമാനത്തിന്റെയും അന്ത്യത്തിൽ മുഴക്കുവാൻ സാധിക്കും.

ശ്രദ്ധിക്കുക! ദൈവത്തിന്റെ പൂർണ്ണഹിതം അറിയുവാൻ ആഗ്രഹമില്ലാത്ത ആർക്കും ആന്തരിക സംഘട്ടനം അനുഭവപ്പെടുകയില്ല. ആന്തരിക സംഘട്ടനം തീരുമാനമെടുക്കുന്നതിൽ നിനക്കുണ്ടോ? ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്റെ ജഡത്തോട്/ സ്വയത്തോട് പോരാടുന്നു എന്നാണ് അതിന്റെ അർത്ഥം. പോരാട്ടം കൂടാതെ വിജയമില്ല, കിരീടവും ഇല്ല എന്ന് ഓർക്കുക.

●●●



യൂത്ത് കോർണർ

Rev. ബേസിൽ ജോർജ്

# ഷോപ്പിംഗ് അഡിക്ഷൻ

**ഈ** കാലഘട്ടത്തിലെ ചില ആസക്തികളിൽ ഒന്നാണ് ഷോപ്പിംഗ് അഡിക്ഷൻ. ഷോപ്പഹോളിക് (shopaholic) എന്ന പദംതന്നെ ഇപ്പോൾ പലയിടത്തും ഉപയോഗിക്കുന്നുണ്ട്. എപ്പോഴും എന്തെങ്കിലുമൊക്കെ വാങ്ങിക്കൊണ്ടിരിക്കാനുള്ള അനിയന്ത്രിതമായ ഒരു ത്വരയാണ് ഇതിന്റെ ലക്ഷണം. പ്രത്യേകിച്ചും ഓൺലൈൻ ഷോപ്പിംഗ് വളരെയേറെ വർദ്ധിച്ച ഈ കാലഘട്ടത്തിൽ ഇത് യുവജനങ്ങളിലും മുതിർന്നവരിലും ഒരുപോലെ കണ്ടുവരുന്നു. സാധനങ്ങൾ വാങ്ങുന്നത് ഒരു പാപമല്ലെങ്കിൽപ്പോലും ആ ശീലം നമ്മെ നിയന്ത്രിക്കാൻ തുടങ്ങുമ്പോൾ അത് വിഗ്രഹാരാധനയായി മാറുന്നു. പലരും പല സാധനങ്ങൾ വാങ്ങുന്നത് കേവലം ഒരു മനഃസുഖത്തിനു വേണ്ടിയും സ്വന്തം മൂല്യം കണ്ടെത്തുന്നത് താൻ വാങ്ങിയ വസ്തുക്കളിലുമാണ്. പ്രത്യേകിച്ചും ബ്രാൻഡഡ് ആയിട്ടുള്ള വസ്ത്രങ്ങളിലും ഗാഡ്ജറ്റുകളിലും മനുഷ്യർ സന്തോഷം കണ്ടെത്തുമ്പോൾ അത് ഈ ആസക്തിയുടെ ഒരു ലക്ഷണമാണ്.

ജീവിതത്തിന്റെ സമ്മർദ്ദം കുറെക്കുവാനും വിരസതയിൽനിന്ന് രക്ഷപ്പെടുവാനും ഷോപ്പിംഗിൽ ആശ്രയം കണ്ടെത്തുന്ന ധാരാളം ആളുകൾ ഉണ്ട്. സ്വന്തം സ്വത്വം (identity) കണ്ടെത്തുന്നത് താൻ വാങ്ങിയ വസ്തുക്കളിൽ ആകുമ്പോൾ അത് തീർച്ചയായും ഒരു ആസക്തി തന്നെയാണ്.

**ലക്ഷണങ്ങൾ:**

ഈ ആസക്തിക്ക് വിവിധങ്ങളായ ലക്ഷണങ്ങൾ കാണുവാൻ കഴിയും.

1. ജീവിതത്തിൽ ഏകാന്തതയും നിരാശയും തോന്നുകയും എന്നാൽ സാധനങ്ങൾ വാങ്ങിക്കഴിയുമ്പോൾ ഒരാശ്വാസവും തോന്നുന്നു.

2. സാധനങ്ങൾ വാങ്ങിക്കഴിയുമ്പോൾ കുറ്റബോധവും നാണക്കേടും തോന്നുക. കാരണം ഇന്നത്തെ ഉപഭോക്തൃ സംസ്കാരം നമുക്ക് ആവശ്യമില്ലാത്ത പലതും പല പ്രലോഭനങ്ങളിലൂടെ നമ്മെക്കൊണ്ട് വാങ്ങിപ്പിക്കുന്നുണ്ട്.

3. വാങ്ങുന്ന സാധനങ്ങൾ മറ്റുള്ളവരിൽനിന്നും ഒളിച്ചുവെക്കുന്നു.

4. വരുമാനത്തിൽ കവിഞ്ഞ ഷോപ്പിംഗ്

5. ആവശ്യമില്ലാത്തവ വാങ്ങിക്കൂട്ടുന്നു.

മേൽപ്പറഞ്ഞ ലക്ഷണങ്ങൾ ഉള്ള ഒരു വ്യക്തി തീർച്ചയായും ഈ ആസക്തിക്ക് അടിമയാണ്. ഇപ്പോഴൊന്നും ആവശ്യമില്ലാത്ത ഒരു സാധനം ഭാവിയിൽ ആവശ്യമുണ്ടായേക്കാം എന്ന ചിന്തയോടെ വാങ്ങിവെക്കുമ്പോൾ ഈ ആസക്തിയുടെ തെളിവായി കാണുവാൻ കഴിയും. എന്നാൽ ഇത് അന്ത്യകാലഘട്ടത്തിന്റെ ഒരു ലക്ഷണമായും ഒരു ദൈവപൈതലിന് ചേരാത്ത ശീലവും ആണെന്ന് നാം ഓർത്തിരിക്കേണം.

ബൈബിളിന്റെ വെളിച്ചത്തിൽ ഈ ശീലത്തെ നാം പരിശോധിക്കുമ്പോൾ ചില സത്യങ്ങൾ നമ്മുടെ കണ്ണുകൾ തുറക്കട്ടെ.

1. നാം നമ്മുടെ ഐഡന്റിറ്റി കണ്ടെത്തേണ്ടത് നമുക്കുള്ള വസ്തുവകകളിലല്ല. ലൂക്കൊസ് 12:15-ൽ

പറയുന്നത് "ഒരുത്തന്നു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന്നു ആധാരമായിരിക്കുന്നത്" എന്നാണ്. ദൈവം നമ്മുടെ മൂല്യം നിർവ്വചിക്കുന്നത് നാം വാങ്ങിയതോ ധരിക്കുന്നതോ ആയ വസ്തുക്കളുടെ അടിസ്ഥാനത്തിലല്ല, നേരെമറിച്ച് ക്രിസ്തുവിൽ നാം ആരാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ്.

2. വസ്തുവകകളോടുള്ള അത്യാഗ്രഹം ഒരു ആത്മീക ബന്ധനമായിട്ടാണ് തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. ക്രിസ്തുവിൽ സന്തോഷിക്കുവാനും ദൈവിക സമാധാനം അനുഭവിക്കുവാനും വിളിക്കപ്പെട്ടവരായ നാം വസ്തുവകകൾ വാങ്ങുന്നതിൽ സന്തോഷം കണ്ടെത്തുമ്പോൾ ദൈവത്തിന്റെ സ്ഥാനമാണ് നമ്മുടെ ജീവിതത്തിൽ നിന്നും ആ ശീലം കവർന്നെടുക്കുന്നത്. കൊലൊസ്സ്യർ 3:5-ൽ അത്യാഗ്രഹത്തെ മരിപ്പിക്കുവാൻ പൌലൊസ്അപ്പൊസ്തലൻ പറയുന്നു.

3. നമ്മുടെ യഥാർത്ഥമായ തൃപ്തി ക്രിസ്തുവിൽ ആയിരിക്കണം. പൌലൊസ്അപ്പൊസ്തലൻ ഫിലിപ്പിയലേഖനത്തിൽ (4:12) പറയുന്നതുപോലെ "വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും ശീലിച്ചിരിക്കുന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ സവിശേഷത. അതിന് തന്നെ ശക്തനാക്കുന്നവൻ മുഖാന്തരം താൻ സകലത്തിന്നും മതിയാകുന്നവനാണെന്ന് പൌലൊസ് പറയുമ്പോൾ തന്റെ തൃപ്തി ദൈവത്തിലാണെന്ന് ഏറ്റുപറയുകയാണ്. ഷോപ്പിംഗിലൂടെ നമുക്ക് ലഭിക്കുന്ന തൃപ്തി എപ്പോഴും താൽക്കാലികവും, ആത്മീയമായ സംതൃപ്തി നിലനിൽക്കുന്നതുമാണ്.

4. ദൈവം നമ്മെ ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത് ഗൃഹവിചാരകന്മാരായിട്ടാണ് (1 കൊരിന്ത്യർ 4:2) വസ്തുവകകളുടെ അടിമകൾ ആയിട്ടല്ല. ഈ ലോകത്തുള്ള വസ്തുവകകളും സുഖസമൃദ്ധിയും ഉപയോഗിക്കുന്ന കേവലം ഉപഭോക്താക്കളല്ല നാം. ദൈവം മനുഷ്യനെ ഏദെൻതോട്ടത്തിൽ ആക്കിയപ്പോൾ സകലത്തിനും കാവൽക്കാരനാക്കിയാണ് വച്ചത്.

5. "വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം" (അപ്പൊ. പ്രവൃ. 20:35) എന്ന ക്രിസ്തീയ തത്വമാണ് നാം പിന്തുടരേണ്ടത്. നാം നമ്മുടെ പണം നിക്ഷേപിക്കേണ്ടത് ദൈവരാജ്യത്തിന്റെ ശുശ്രൂഷകൾക്കു വേണ്ടി ആയിരിക്കണം.

**ഷോപ്പിംഗ് എന്ന ആസക്തിയെ മറികടക്കുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ:**

1. ഏതൊരു സാധനവും വാങ്ങുന്നതിനു മുമ്പ് ഇതെനിക്ക് യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ എന്ന് അല്പസമയം പ്രാർത്ഥനയിൽ ചെലവഴിക്കുക.

2. ഓരോ മാസത്തേക്കും വാങ്ങാനുള്ള സാധനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും ഒരു ബഡ്ജറ്റ് ക്രമീകരിക്കുകയും ചെയ്യുക. പെട്ടെന്നുള്ള തോന്നലിൽ ഒന്നും വാങ്ങാതിരിക്കുക.

3. അനാവശ്യമായി പണം ചെലവഴിക്കുന്ന ശീലത്തിൽനിന്നും ഒരു ഉപവാസം പ്രഖ്യാപിക്കുക. ഉദാഹരണത്തിന്, 'ഈ മാസം ഞാൻ പുതിയതായി ഒന്നും വാങ്ങുന്നില്ല എന്ന് തീരുമാനിക്കാം.'

4. നമ്മുടെ കൈവശമുള്ള വസ്തുക്കളിൽ അധികമായിട്ടുള്ളതെല്ലാം മറ്റുള്ളവർക്കായി നൽകുക. അതു നമ്മുടെ മനോഭാവത്തെയും ശീലത്തെയും മാറ്റിമറിക്കും.

5. ആത്മിക സംതൃപ്തിയെക്കുറിച്ചുള്ള തിരുവചന വാക്യങ്ങൾ മനഃപ്പാഠമാക്കുകയും ഇടെക്കിടെ ഉരുവിടുകയും ചെയ്യുക.

6. ഈ വിഷയത്തെക്കുറിച്ച് ആത്മിക നേതൃത്വവുമായി വ്യക്തിപരമായി ഒരു കണക്ക് സൂക്ഷിക്കുക. എപ്പോഴെങ്കിലും അമിതമായി ഷോപ്പിംഗ് നടത്തിയിട്ടുണ്ടെങ്കിൽ അത് ഏറ്റുപറയുകയും ക്ഷമ ചോദിക്കുകയും ചെയ്യുക.

7. ശക്തമായ പ്രലോഭനം ഉണ്ടാകുമ്പോൾ ദൈവസന്നിധിയിൽ വേറിട്ടിരുന്ന് ദൈവത്തോടൊപ്പം സമയം ചെലവഴിക്കുക.

8. ഇതൊരു ആത്മീക തിന്മയാണെന്ന് തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക.

ദൈവം നമ്മെ സഹായിക്കട്ടെ.

●●●

## വാട്ട്സാപ്പ്

**ഡോ.വി. പി. മത്തായി വാലയിൽ നൽകുന്ന വചന സന്ദേശങ്ങൾ വാട്ട്സാപ്പിലൂടെ കൈമാറുന്നു. ആവശ്യപ്പെടുന്ന നമ്പറുകളിലേക്ക് അയച്ചുതരുന്നതാണ്.**

**Contact: 9447707654**



വനിതാ വിചാരം

സോജ ടോണി

# പിതാവിന്റെ ഇഷ്ടപുത്രൻ

യാക്കോബിന് തന്റെ ഇഷ്ടഭാര്യ റാഹേലിൽ ജനിച്ച മകനായിരുന്നു യോസേഫ്. വാർധക്യത്തിൽ ജനിച്ച മകനായതുകൊണ്ടു യാക്കോബ് അവനെ മറ്റു മക്കളെക്കാൾ അധികം സ്നേഹിച്ചു. (ഉല്പ. 37:3) പൂർവ്വപിതാക്കന്മാരിൽ സുദീർഘമായി രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രം യോസേഫിന്റേതാണ്. യോസേഫ് എന്ന പേരിന്റെ അർത്ഥം 'അവൻ കൂട്ടിച്ചേർക്കും', എന്നാണ്.

### സഹോദരന്മാരാൽ വെറുക്കപ്പെട്ട യോസേഫ്

എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കാതെ യോസേഫിനെ യാക്കോബ് അധികം സ്നേഹിച്ചു. ഇന്ന് പല കുടുംബങ്ങളിലും മക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ് പപ്പക്കും അമ്മക്കും എന്നോട് സ്നേഹമില്ല ചേട്ടനോടാണ്, ചേച്ചിയോടാണ് കൂടുതൽ സ്നേഹം എന്ന് പറഞ്ഞു സങ്കടപ്പെടുന്നത്. പലവിധമായ മാനസിക സംഘർഷങ്ങൾക്കും ഈ പ്രശ്നം കാരണമായിത്തീരുന്നു. പിതാവിന് യോസേഫിനോടുള്ള അധികസ്നേഹം സഹോദരന്മാർ യോസേഫിനെ വെറുക്കാനുള്ള കാരണമായിത്തീർന്നു. രണ്ടു ഭാര്യമാരിലും അവരുടെ ദാസിമാരിലുമായി യാക്കോബിന് 12 ആൺമക്കളും ദീന എന്ന മകളുമാണുണ്ടായിരുന്നത്.

യാക്കോബ് യോസേഫിനൊരു നിലയങ്കി ഉണ്ടാക്കികൊടുത്തതും തങ്ങളെക്കുറിച്ചു അപ്പനോട് ദുഃശ്രുതി പറഞ്ഞതും യോസേഫ് കണ്ട സ്വപ്നങ്ങളും അവരുടെ വെറുപ്പിന് അധികം കാരണമായിത്തീർന്നു. 37-ാം അദ്ധ്യായം പഠിക്കുമ്പോൾ 37:4 സഹോദരന്മാർ യോസേഫിനെ പകെച്ചു 37:5 പിന്നേയും അധികം പകെച്ചു, 37:6 അധികം ദ്വേഷിച്ചു. 37:9, അവനോട് അസൂയ തോന്നി 37:11 യോസേഫിനെ വകവരുത്തുവാനും സഹോദരന്മാർ ശ്രമിച്ചിരുന്നു. ഉല്പ. 4:5, 8 കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. കയീന് ഏറ്റവും കോപമുണ്ടായി, അവന്റെ മുഖം വാടി. അവർ വയലിൽ ഇരിക്കുമ്പോൾ കയീൻ തന്റെ അനുജനായ ഹാബേലിനോടു കയർത്ത് അവനെ കൊന്നു. "മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു". (യാക്കോബ് 1:15) ഏറ്റവും അടുത്തവരുടെ പകയും വെറുപ്പും ഏറ്റവും അസഹനീയമായ കാര്യമാണ്. ഇന്ന് പല കുടുംബങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ് സഹോദരന്മാരോടുള്ള സ്നേഹമില്ലായ്മ, സ്വത്തുതർക്കം തുടങ്ങിയവ. "ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു" (സങ്കീ. 133:1)

### അടിമയായി വിൽക്കപ്പെട്ട യോസേഫ്

യോസേഫിനു 17 വയസുള്ളപ്പോൾ ശെഖേമിൽ ആടുകളെ മേയിച്ചുകൊണ്ടിരുന്ന സഹോദരങ്ങളുടെ ക്ഷേമം അന്വേഷിപ്പാൻ അപ്പൻ പറഞ്ഞയച്ചു. യോസേഫിനെ ദൂരവേ കണ്ടപ്പോൾ തന്നേ സഹോദരന്മാർ അവനെ കൊല്ലേണ്ടതിനു ദുരാലോചന നടത്തി. എന്നാൽ മൂത്തസഹോദരൻ രൂബേൻ അൽപ്പം കനിവുകാട്ടി. അവനെ പൊട്ടക്കുഴിയിൽ തള്ളിയിട്ടു. എന്നാൽ യെഹൂദയുടെ ഇടപെടൽ മൂലം അവനെ അവിടെനിന്ന് കയറ്റി. 20 വെള്ളിക്കാശിനു യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റു.

എന്നാൽ മിദ്യാന്യർ അവനെ മിസ്രയീമിൽ ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായി അകമ്പടിനായകനായ പോത്തീഫറിനു വിറ്റു. 'യഹോവ അവനോടുകൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു.

അതുകൊണ്ടു യോസേഫ് അവന് ഇഷ്ടനായി ശുശ്രൂഷ ചെയ്തു; അവൻ അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കൈയിൽ ഏല്പിച്ചു. അവൻ തന്റെ വീട്ടിനും തനിക്കുള്ള സകലത്തിനും അവനെ വിചാരകനാക്കിയതു മുതൽ യഹോവ യോസേഫിന്റെ നിമിത്തം മിസ്രയീമ്യന്റെ വീടിനെ അനുഗ്രഹിച്ചു; വീട്ടിലും വയലിലും അവനുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി.

അവൻ തനിക്കുള്ളതൊക്കെയും യോസേഫിന്റെ കൈയിൽ ഏല്പിച്ചു; താൻ ഭക്ഷിക്കുന്ന ഭക്ഷണം ഒഴികെ അവന്റെ കൈവശമുള്ള മറ്റു യാതൊന്നും അവൻ അറിഞ്ഞില്ല'. 39:3–6

### പരീക്ഷയിൽ തോൽക്കാത്ത യോസേഫ്

യോസേഫ് കോമളനും മനോഹരരൂപിയും ആയിരുന്നതുകൊണ്ട് യജമാനന്റെ ഭാര്യ യോസേഫിൻ മേൽ കണ്ണു പതിച്ചു: എന്നോടുകൂടെ ശയിക്ക എന്നു പറഞ്ഞു. അവൾ അവന്റെ വസ്ത്രം പിടിച്ചു: എന്നാൽ അവൻ തന്റെ വസ്ത്രം അവളുടെ കൈയിൽ വിട്ടേച്ചു പുറത്തേക്ക് ഓടിക്കളഞ്ഞു. യോസേഫിന്റെ യജമാനൻ അവനെ പിടിച്ച് രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന കാരാഗൃഹത്തിൽ ആക്കി; അങ്ങനെ അവൻ കാരാഗൃഹത്തിൽ കിടന്നു. എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു. കാരാഗൃഹപ്രമാണിക്ക് അവനോടു ദയ തോന്നത്തക്കവണ്ണം അവനു കൃപ നല്കി.

കാരാഗൃഹത്തിലെ സകല ബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കൈയിൽ ഏല്പിച്ചു; അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു.

യഹോവ അവനോടുകൂടെ ഇരുന്ന് അവൻ ചെയ്തതൊക്കെയും സഫലമാക്കുകകൊണ്ട് അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല. (39:1–23) യോസേഫിന്റെ ജീവിതത്തിലെ വിശുദ്ധിയാണ് ദൈവസാന്നിദ്ധ്യത്തിൽ നിലനിൽക്കുവാനും പ്രതിസന്ധിഘട്ടങ്ങളിൽ പതറിപ്പോകാതിരുന്നതിനും അവനെ സഹായിച്ചത്. പാപത്തിലേക്ക് കൂപ്പുകുത്തി വീഴുന്ന സമൂഹത്തിനു മദ്ധ്യേയാണ് നാം ഇന്ന് ജീവിക്കുന്നത്. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു." (ഉല്പ. 6:5) ദോഷത്തിനു നാം നമ്മുടെ കാൽ വെക്കാതിരിക്കുക. "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ' (1 പത്രൊസ് 1:16) മിസ്രയീംരാജാവിന്റെ പാനപാത്രവാഹകനും അപ്പക്കാരനും കാരാഗൃഹത്തിൽ ബദ്ധന്മാരായിരുന്ന രണ്ടുപേരും ഒരു രാത്രിയിൽ തന്നേ വെവ്വേറെ അർത്ഥമുള്ള ഓരോ സ്വപ്നം കണ്ടു, അവർ അവനോട്: ഞങ്ങൾ സ്വപ്നം കണ്ടു; വ്യാഖ്യാനിച്ചുതരുവാൻ ആരുമില്ല എന്നു പറഞ്ഞു. യോസേഫ് അവരോട്: സ്വപ്നവ്യാഖ്യാനം ദൈവത്തിന്നുള്ളതല്ലയോ? അത് എന്നോടു പറവിൻ എന്നു പറഞ്ഞു. അങ്ങനെ സ്വപ്നവ്യാഖ്യാതാവായി. രണ്ടു വർഷങ്ങൾക്കു ശേഷം ഫറവോരാജാവ് കണ്ട സ്വപ്നത്തിന്റ അർത്ഥം അറിയുവാൻ പ്രാതഃകാലത്ത് അവൻ വ്യാകുലപ്പെട്ടു മിസ്രയീമിലെ മന്ത്രവാദികളെയും ജ്ഞാനികളെയും എല്ലാം ആളയച്ചു വരുത്തി അവരോട് തന്റെ സ്വപ്നം പറഞ്ഞു. എന്നാൽ വ്യാഖ്യാനിപ്പാൻ ആർക്കും കഴിഞ്ഞില്ല. (41:8) അന്ന് തടവറയിൽനിന്ന് മോചിതനായ പാനപാത്രവാഹകൻ രാജാവിനെ അറിയിച്ചതുമൂലം ഫറവോൻ ആളയച്ചു യോസേഫിനെ വിളിപ്പിച്ചു. അവർ അവനെ വേഗത്തിൽ കുണ്ടറയിൽനിന്ന് ഇറക്കി; അവൻ ക്ഷൗരം ചെയ്യിച്ചു, വസ്ത്രം മാറി, ഫറവോന്റെ അടുക്കൽ ചെന്നു. ഫറവോരാജാവിന്റെ സ്വപ്നത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചു. പിന്നെ ഫറവോൻ യോസേഫിനോട്: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തിത്തന്നതുകൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല.

നീ എന്റെ ഗൃഹത്തിനു മേലധികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു.

ഇതാ, മിസ്രയീംദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു. ഫറവോൻ തന്റെ കൈയിൽനിന്ന് മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്ക് ഇട്ടു, അവനെ നേർമയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിലിട്ടു.

തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവിൻ എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിനൊക്കെയും മേലധികാരി ആക്കി. ഫറവോൻ യോസേഫിനു 'സാപ്നത്ത് പനേഹ്' എന്നു പേരിട്ടു; ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ അവനു ഭാര്യയായി കൊടുത്തു. അവനു രണ്ടു പുത്രന്മാർ ജനിച്ചു മനശ്ശെ, എഫ്രയീം (41:1–52) രാജാവിന്റെ സ്വപ്നത്തിൽ ദൈവം അറി

(ശേഷം പേജ് 30 – ൽ)

## ഹെൽപ്പ് ഇന്ത്യ മിഷന്റെ നേതൃത്വത്തിൽ

# ഗ്രാമങ്ങളിലെ കുഞ്ഞുങ്ങൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു

ബീഹാറിലെ പൂർണ്ണിയ, കട്ടിഹാർ എന്നീ ജില്ലകളിൽ







വെസ്റ്റ് ബംഗാളിലെ ജൽപായിഗുരി ജില്ലയിൽ




മദ്ധ്യപ്രദേശിലെ ജാംബുവ ജില്ലയിൽ



ഛത്തീസ്ഗഡിലെ ബിലാസ്പൂർ, മുംഗേലി എന്നീ ജില്ലകളിൽ




കർണ്ണാടകയിലെ ഹസ്സൻ ജില്ലയിൽ



മഹാരാഷ്ട്രയിലെ ഗോന്ദിയ, ഗട്ചിറോലി എന്നീ ജില്ലകളിൽ




ജാർഖണ്ഡിലെ സിംങ്കബും ജില്ലയിൽ



രാജസ്ഥാനിലെ ബാൻസ്വാഡ ജില്ലയിൽ



തുടർച്ച പേജ് 20ൽ

# കർത്താവിന്റെ വേലയിൽ
## കൈപിടിച്ചു നടത്തിയ



കുടുംബം



മാതാപിതാക്കൾ





വൈദീകരോടൊപ്പം ഞാനും

ശുശ്രൂഷക്ക് നന്ദിയും മധ്യസ്ഥതയും നൽകി എന്നോടൊപ്പം നിന്നവരുടെ പ്രാർത്ഥനക

### "അധികം തരുവാൻ യഹോവെക്ക

വിശ്വാസജീവിതത്തിൽ പിന്നിട്ട 48 വർഷങ്ങൾ എന്റെ ആത്മീയ ജീവിതത്തെ വളരെ സന്തോഷിപ്പിക്കുന്നതാണ്. എന്റെ ചെ
കുട്ടായ്മയിൽ വച്ച് ഞാൻ കേട്ട ദൈവവചനം എന്റെ ഹൃദയത്തെ തൊട്ടു. ജീവിതത്തിൽ ആദ്യമായി "എനിക്ക് നിന്നെ ഇഷ
നിധിയായ എന്റെ മാതാവും ചേർന്ന് ഞങ്ങൾ അഞ്ചു മക്കളെ അവർക്ക് കഴിയുന്നതിന്റെ പരമാവധിയിൽ നിന്നുകൊണ്ട് വ
കർത്താവ് ഇറങ്ങിവന്നു. അവന്റെ സ്നേഹം എന്നിലേക്ക് പകർന്നുതന്നു. പ്രതിസന്ധികളും പ്രതികൂലങ്ങളും കഷ്ടതകളും

കർത്താവ് എല്ലാം തന്നു. അയോഗ്യത കണക്കാക്കാതെ ചോദിച്ചതിലും നിനച്ചതിലും അധികം തന്നുസ്നേഹിച്ചു. കുടുംബം ത
സ്നേഹിച്ചു. അധികം തരാൻ കഴിയുന്ന കർത്താവ് ധാരാളം ആത്മാക്കളെ അവകാശികളായി തന്നു. ആ ദൈവസ്നേഹ
സഹപ്രവർത്തകരും, കുടുംബാംഗങ്ങളും മിഷൻ സെന്ററിൽ ഒന്നിച്ചുകൂടി എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. ത്യാഗമേറിയ ശുശ്രൂഷക്ക
നൽകി. എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന പ്രിയ വായനക്കാർക്കും, ഈ ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

# ൾ പിന്നിട്ട 48 വർഷങ്ങൾ
## ദൈവത്തിനു സ്തോത്രം...



സമർപ്പണപ്രാർത്ഥന



Rev. ഷാജി എം. തോമസ്



എന്റെ സഹപ്രവർത്തകരും

കൾക്കും, അനുഗ്രഹങ്ങൾക്കും, കൂട്ടായ്മക്കും നന്ദി. എല്ലാ മഹത്വവും ദൈവത്തിന് !"

## ു കഴിയും" (2 ദിനവൃത്താന്തം 25:9)

ചെറുപ്പകാലത്ത് ഇടവകയിൽ പ്രവർത്തിച്ചിരുന്ന ഇമ്മാനുവേൽ സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഒരു ഭവന ഷ്ടമാണെന്ന" കർത്താവിന്റെ ശബ്ദം തിരിച്ചറിഞ്ഞ ദിവസമായിരുന്നു അത്. ഒരു കാലില്ലാതിരുന്ന എന്റെ പിതാവും സ്നേഹ ളർത്തി. വസ്ത്രം, ഭക്ഷണം, പാർപ്പിടം എന്നിവക്കായി ഭാരപ്പെടേണ്ടിവന്നിരുന്നെങ്കിലും ഞങ്ങളുടെ കൊച്ചു ജീവിതത്തിലേക്ക് ഞെരുക്കങ്ങളും ധാരാളം അനുഭവിച്ചു. ആത്മഹത്യക്ക് കാത്തിരുന്ന നാളുകൾ ഉണ്ടായിരുന്നു. എല്ലാം നഷ്ടമായിരുന്ന എനിക്ക്



ന്നു, ജോലി തന്നു, മക്കളെ തന്നു, കൊച്ചു മക്കളെ തന്നു. എല്ലാറ്റിലും ഉപരി കർത്താവിന്റെ ശുശ്രൂഷയും തന്നു സ്മരണയിൽ ഞാൻ സ്നേഹിക്കുന്നവരും എന്നെ സ്നേഹിക്കുന്നവരുമായ വിവിധ സഭകളിലെ വൈദീകരും ് ബലവും ധൈര്യവും തന്നു. ഈ കൂടിവരവിന് Rev. ഷാജി തോമസ്, Rev. പി. വി. യാക്കോബ് എന്നിവർ നേതൃത്വം കർത്താവ് അനുഗ്രഹിക്കട്ടെ.

എന്ന് കർത്തൃശുശ്രൂഷയിൽ
Dr. വി. പി. മത്തായി വാലയിൽ

പേജ് 17 – ൽ നിന്നും തുടർച്ച



ദൈവകൃപയാൽ ഈ വർഷവും വിവിധ സംസ്ഥാനങ്ങളിൽ വിവിധ ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളിൽനിന്നും LKG, UKG, STD 1-10,+2, College എന്നീ തലങ്ങളിൽ പഠിക്കുന്ന മക്കൾക്ക് പഠനോപകരണങ്ങൾ നൽകി സഹായിച്ചു. ഈ പദ്ധതിക്കായി ഇതിന്റെ പിന്നിൽ നിന്ന് പ്രാർത്ഥിച്ചവരെയും സഹായിച്ചവരെയും നന്ദിയോടെ ഓർക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **യിരെമ്യാവ് 34 – 36 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധ്വന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : സ്തുതി- ജോലി ലഭിക്കുവാനും, നിരീക്ഷണ- P.G. Exam ഉന്നത വിജയത്തിനായും, സാംസൺ- സാമ്പത്തിക പ്രതിസന്ധി മാറുവാനും, വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **യിരെമ്യാവ് 37 – 39 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംങ്
**വിഷയങ്ങൾ** : സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, ഫീൽഡിലെ വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **യിരെമ്യാവ് 40 – 42 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റേ, ജോൺസ് ലീഡർ നാസറസി
**വിഷയങ്ങൾ** : എല്ലാ വിശ്വാസികളും ആത്മീയമായി വളരുവാനും, വേലയുടെ അനുഗ്രഹത്തിനും വളർച്ചക്കുമായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **യിരെമ്യാവ് 43 – 45 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : സുനിത- ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും സുഖപ്രസവത്തിനായും, കാഞ്ചൻ- കുടുംബ സമാധാനത്തിനായും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **യിരെമ്യാവ് 46 – 48 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ദീപിക- ഗർഭസ്ഥശിശു മരിച്ചു. വളരെ പ്രയാസത്തിലായിരിക്കുന്നു. ദൈവിക കരുതലിനായും, ഫീൽഡിൽ വേല വളരുന്നതിനായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **യിരെമ്യാവ് 49, 50 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : മഹേഷ് - സന്ധിവാതം, മുന്ന- കാൻസർ, ജാഗൻ- തളർവാതം, ദേവലി- ഷുഗർ, ഇവരുടെ സൗഖ്യത്തിനായും, ഉഷ- കുടുംബ സമാധാനം, ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **യിരെമ്യാവ് 51, 52 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : മൽബാരി ഫീൽഡിലെ സണ്ടേ സ്കൂൾ കുട്ടികൾക്കായും, ദേവ്‌ലി- മാനസാന്തരത്തിനായും, പ്രീതി- സാത്താന്യ ബന്ധനം വിടുതലിനായും, സഞ്ജയ് - സ്ഥലസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനായും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഫീൽഡിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

**08**

**വായനഭാഗം : വിലാപങ്ങൾ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരായൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധന്യേശ്വർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : ഈശ്വർ – തലവേദന, മഹേന്ദ്ര – രണ്ടു കയ്യും വേദന, ജ്യോതി – പൈൽസ് ഇവരുടെ സൗഖ്യത്തിനായും, റായ്ഗഡ് ഗ്രാമത്തിലെ വേലയുടെ അനുഗ്രഹത്തിനും, ഉർഗ ഗ്രാമത്തിൽ ചർച്ചുപണിയുന്നതിനായും, എല്ലാ വിശ്വാസികളും ആത്മീയായി വളരുവാനും, ഫീൽഡിലെ വേലയുടെ അനുഗ്രഹത്തിനായും സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.

**09**

**വായനഭാഗം : വിലാപങ്ങൾ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : രാമേശ്വർ, അഞ്ചനി – വീടുപണിയുടെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**10**

**വായനഭാഗം : യെഹെസ്കേൽ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂറത്ത്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആശേർ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : രാംസിംഗ് – നടക്കുവാൻ പ്രയാസം, സുഗന്ധൻ – രക്തം കട്ടപിടിക്കുന്നു. സൗഖ്യത്തിനായും, ആറു പേർ വിശ്വാസത്തിലേക്ക് വന്നു. വിശ്വാസത്തിൽ ഉറെക്കുവാനും, ബാപ്റ്റിസം പ്രോഗ്രാം ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. അനുഗ്രഹത്തിനായും, മനീഷ – ഗംഗാപൂർ ഗ്രാമത്തിലെ പുതിയ വിശ്വാസിയാണ്. വിശ്വാസജീവിതത്തിൽ വളരുവാനും, ഗംഗാപൂർഗ്രാമത്തിൽ പ്രാർത്ഥനാഹാൾ പണിയുന്നതിനായും, ഗംഗാപൂർ, ഉദംപൂർ, ആമ്പലിബാരി എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**11**

**വായനഭാഗം : യെഹെസ്കേൽ 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**12**

**വായനഭാഗം : യെഹെസ്കേൽ 7–10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**13**

**വായനഭാഗം : യെഹെസ്കേൽ 11–13 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**14**

**വായനഭാഗം : യെഹെസ്കേൽ 14–16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകർ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**15**

**വായനഭാഗം : യെഹെസ്കേൽ 17, 18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്, ദേവിലാൽ
**വിഷയങ്ങൾ** : അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനാകൂട്ടായ്മയുടെ വളർച്ചക്കായി പ്രാർത്ഥിക്കാം.

**16**

**വായനഭാഗം** : **യെഹെസ്കേൽ 19, 20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലലിത് ജനബന്ധു, സായിനാഥ് മല്ല
**വിഷയങ്ങൾ** : ഖുശ്ബു - ഉദരഫലത്തിന്റെ അനുഗ്രഹത്തിനായി മഹീന്ദ്ര, ഗീതാഞ്ജലി, സിന്ധു, ശീതൾ, കല്പന, രോഹിത്ത് - വിശ്വാസജീവിതത്തിൽ വളരുവാനും, അനിത, ഷീല, മീനഭായി, വന്ദന, ഭുമേശ്വർ - കുടുംബത്തിന്റെ അനുഗ്രഹത്തിനായി മിൽക്കി റാം, ആനന്ദ് - വീടുപണിയുടെ അനുഗ്രഹത്തിനും സാമ്പത്തിക പ്രതിസന്ധി മാറുന്നതിനും, പവൻ, രാഹുൽ - മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.

**17**

**വായനഭാഗം** : **യെഹെസ്കേൽ 21, 22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകർ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി, ഏയ്ഡൻ)
**വിഷയങ്ങൾ** : രേഷ്ന - ഹാർട്ട് പ്രോബ്ലം സൗഖ്യത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**18**

**വായനഭാഗം** : **യെഹെസ്കേൽ 23, 24 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകർ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

**വായനഭാഗം** : **യെഹെസ്കേൽ 25–27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

**വായനഭാഗം** : **യെഹെസ്കേൽ 28–30 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)
**പ്രവർത്തകർ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : ക്രിസ്റ്റീന BSc - നേഴ്സിംഗ് പഠനത്തിന്റെ അനുഗ്രഹത്തിനായും, മാർക്ക്, സാമുവേൽ, പ്രകാശ് സുന്ദർ - മാനസാന്തരത്തിനായും പ്രേയർഹാൾ പണിയുന്നതിനും, വേലയുടെ അനുഗ്രഹത്തിനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

**വായനഭാഗം** : **യെഹെസ്കേൽ 31, 32 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)
**പ്രവർത്തകർ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : പത്മസേന - സ്വന്തമായൊരു വീടിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**22**

**വായനഭാഗം** : **യെഹെസ്കേൽ 33–35 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)
**പ്രവർത്തകർ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാരെ ലഭിക്കുവാനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**23**

**വായനഭാഗം** : **യെഹെസ്കേൽ 36, 37 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ മംമ്ത, മക്കൾ: ജറീന, ജമീമ) തുപേശ്വർ മാജി
**വിഷയങ്ങൾ** : മുന്ന - കുടുംബമായി വിശ്വാസത്തിലേക്ക് കടന്നുവരുവാനും സീന - കുടുംബത്തിന്റെ അനുഗ്രഹത്തിനായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും, സണ്ടേസ്കൂൾ പഠിക്കുന്ന എല്ലാ കുട്ടികൾക്കായും അവരുടെ കുടുംബത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **യെഹെസ്കേൽ 38, 39 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ് സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്‌രൂപ് കൗർ), രാജ് പാൽ മസിഹ്
**വിഷയങ്ങൾ** : ജ്യോതി, ജോൺസൻ - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ധർമ്മേന്ദ്ര - കുടുംബസമാധാനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **യെഹെസ്കേൽ 40–42 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ് വാഡ)
**പ്രവർത്തകർ** : ലക്ഷ് മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ് കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ് വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ് ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : സംഗീത - ബ്ലീഡിംഗ്, രോഹിത്ത് - കൈകാലുകൾക്ക് വേദന, രമേഷ് - ചുമ ഇവരുടെ സൗഖ്യത്തിനായും, ബസുനി, കേസർവാട, രാംഗഡ്, ജോട, ബിലിപാഡ തുടങ്ങിയ ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **യെഹെസ്കേൽ 43, 44 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികൾക്കായും, വേല വളരുവാനും, ഗുഡിചേരി ഗ്രാമത്തിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **യെഹെസ്കേൽ 45, 46 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സൂസന്ന, സാറ്റ്‌വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാ
**വിഷയങ്ങൾ** : മുച്ചല ഫീൽഡിലെ ചർച്ച് പണിയുടെ പൂർത്തീകരണത്തിനായും, പുതിയ വിശ്വാസികളെ ലഭിക്കുവാനും, വേല വളരുന്നതിനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **യെഹെസ്കേൽ 47, 48 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **ദാനീയേൽ 1–2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : വികാസ് ലാൽ (ഭാര്യ: മംമ്ത,മകൻ: എനോക്ക്), ഗുഡ്ഡു ബഹദൂർ, (ഭാര്യ: ഗുൺവന്തി, മകൾ: ആഗ്യ) ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷ വിരോധികളുടെ പ്രവർത്തനങ്ങൾ ഫീൽഡിൽ ഒത്തിരി പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **ദാനീയേൽ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : **വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ് ഗുരി, കട്ടൽഗുരി)**
**പ്രവർത്തകർ** : ഉമേഷ് കുമാർ ഹെംബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു, ബിക്കി ലോഹാർ (ഭാര്യ: ദീപ് മാല, മകൻ: ദേവ്)
**വിഷയങ്ങൾ** : വസന്ത് - നടക്കാൻ പ്രയാസം, പൊലെ സാഹു, ഏതാവരി - മാനസീക പ്രയാസങ്ങൾ മാറുവാനും, ദീപാലി - മാനസാന്തരത്തിനായും, റീനാ, പഹ് ദേവ്, ഏശയ - സ് നാനം ഏറ്റ പുതിയ വിശ്വാസികളാണ്. വിശാസജീവിതത്തിൽ വളരുവാനും, ബനാർഹട്ട്, കട്ടൽഗുരി ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്
**ഗാർഡിയൻ പ്രേയർ സെൽ**

ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക

**CALL: 9446610923**
E-mail: guardianprayercell@gmail.com
www.egmofindia.com





ബാബു അഞ്ചേരി

# "നൈൽനദിയുടെ തീരം മുതൽ സീൻമരുഭൂമി വരെ"

## (മിര്യാമിന്റെ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം)

നാലു രംഗങ്ങൾ ഉള്ള ഒരു നാടകമാണ് മിര്യാമിന്റെ ജീവിതം ഒന്നാം രംഗത്തിൽ നൈൽനദിയുടെ തീരത്തു നിൽക്കുന്ന ഏഴുവയസ്സുകാരിയായ കൊച്ചു പെൺകുട്ടിയാണ് മിര്യാം. പ്രായത്തിൽ കവിഞ്ഞ ജാഗ്രതയോടെയാണ് അവൾ അവിടെ നിൽക്കുന്നത്. നിറയുന്ന കണ്ണുകൾ ഇടെക്കിടെ തുടക്കുന്നുണ്ട്. അവൾ രണ്ടു സ്ഥലങ്ങളിലേക്കു മാറി മാറി നോക്കുന്നുണ്ട്. ഒന്ന് നൈൽനദിയുടെ തീരത്തെ ഞാങ്ങണകൾക്കിടയിലൂടെ കൊച്ചു ഞാങ്ങണപ്പെട്ടകത്തിലേക്ക്! അതിനുള്ളിൽ അവളുടെ സ്വന്തം അനുജൻ മോശെ പുതച്ചുമൂടി കിടക്കുന്നു. വെറും മൂന്നുമാസം പ്രായം. ദിവ്യസുന്ദരൻ കണ്ടാൽ കവിളത്തു ഉമ്മനൽകാൻ ആർക്കും തോന്നും. പിന്നെന്തിനാണ് നദിയിലൂടെ ഒഴുക്കിവിടുന്നത്? രാജകല്പനയല്ലേ? എബ്രായബാലന്മാർ ജീവിക്കാൻ പാടില്ല! അതുകൊണ്ട് അമ്മ യോഖേബേദ് അപ്പനായ അമ്രാമിന്റെ അനുവാദത്തോടെ കുഞ്ഞിനെ ദൈവകരങ്ങളിൽ ഏല്പിച്ച് ഒഴുക്കിവിടുകയാണ്.! മിര്യാം ഇടക്കിടെ മറ്റൊരു സ്ഥലത്തേക്കും പ്രത്യാശയോടെ നോക്കുന്നുണ്ട്. അതൊരു കുളിക്കടവാണ്. അവിടെ ഫറവോന്റെ പുത്രി തോഴിമാരോടൊത്ത് നീരാടാൻ വരും. അവൾക്കു ദയ തോന്നിയാലോ? അവൾ ആഗ്രഹിച്ചതുപോല തന്നേ സംഭവിച്ചു. രാജകുമാരി വന്നു. പെട്ടകം കണ്ടു. തുറന്നു. ദിവ്യസുന്ദരനെ കണ്ടു. ഇഷ്ടമായി, അപ്പോഴതാ ഒന്നും അറിയാത്തതുപോലെ മിര്യാം ഓടി ച്ചെല്ലുന്നു. കുഞ്ഞിനു മുലകൊടുക്കാൻ എബ്രായ സ്ത്രീയെത്തന്നെ കൊണ്ടുവരട്ടേ എന്നു ചോദിക്കുന്നു. രാജകുമാരി സമ്മതിക്കുന്നു. സ്വന്തം അമ്മയുടെ കയ്യിൽ തന്നേ മോശെക്കുഞ്ഞ് ഏൽപ്പിക്കപ്പെടുന്നു. അമ്മ കുഞ്ഞുമായി ഭവനത്തിലേക്കു മടങ്ങുന്നു. ഒന്നാം രംഗം ശുഭമായി പര്യവസാനിക്കുന്നു. (പുറപ്പാട് 2:1-10)

**മിര്യാമിൽനിന്ന് നാം എന്തു പഠിച്ചു.?**

**a) സ്നേഹവും കരുതലും :** തന്റെ സഹോദരനായ മോശെയെ അവൾ സ്നേഹിച്ചു, കരുതി. "നിന്റെ സഹോദരൻ എവിടെ" എന്ന് കയീനോടു ദൈവം വേദനയോടെ ചോദിച്ചെങ്കിൽ, ഇവിടെ സഹോദരനെ കരുതുന്ന കുഞ്ഞുസഹോദരിയെ കണ്ട് ദൈവഹൃദയം എത്ര സന്തോഷിച്ചുകാണും!

സഹോദരസ്നേഹം നഷ്ടപ്പെട്ടുപോയ ഇന്നത്തെ സമൂഹത്തിൽ മിര്യാമിനെപ്പോലെ ആകാൻ നമുക്കും ശ്രമിക്കാം. അറിയാതെയാണെങ്കിലും അവൾ രക്ഷിച്ചത് വെറുമൊരു സോദരനെയല്ല, യിസ്രായേലിന്റെ വിമോചകനെയാണ്! അങ്ങനെയെങ്കിൽ നമ്മുടെ സ്നേഹവും കരുതലും ഇതുപോലെയുള്ള എത്ര വിമോചനനായകരെ ഉളവാക്കും?

**b) ആത്മവിശ്വാസം, ധൈര്യം** : രാജകുമാരിയെ കാണുമെന്നുള്ള അവളുടെ ആത്മവിശ്വാസം, കണ്ട ഉടനെ ഓടിപ്പോയി കാര്യങ്ങൾ അവതരിപ്പിക്കാനുള്ള ധൈര്യം! നമ്മുടെ കുഞ്ഞുങ്ങൾ ആത്മവിശ്വാസവും ധൈര്യവും ഉള്ളവരായി വളരട്ടെ. സഹോദരങ്ങളുടെ ഉയർച്ചക്കുവേണ്ടി "റിസ്ക്" എടുക്കുവാൻ നമ്മുടെ മക്കൾ ധൈര്യം കാണിക്കട്ടെ.

രണ്ടാം രംഗത്തിൽ നാം മിര്യാമിനെ കാണുന്നത് ചെങ്കടൽതീരത്താണ്. ഇപ്പോൾ അവൾ മുമ്പു നാം കണ്ട കൊച്ചു പെൺകുട്ടിയല്ല. ഏകദേശം തൊണ്ണൂറു വയസ്സുള്ള ഒരു വല്യമ്മച്ചി, പ്രായമായതുകൊണ്ട് കിടപ്പായിക്കാണും എന്നാണോ ചിന്തിക്കുന്നത്? എങ്കിൽ ഇതാ നോക്കുക. കയ്യിൽ തപ്പുമായി, നൃത്തച്ചുവടുകൾ വച്ച്, അനേകം യെഹൂദ വനിതകളെ പിന്നിൽ അണിനിരത്തി ദൈവത്തിന്നു സ്തോത്രം ചെയ്യുന്ന മിര്യാം! ചെങ്കടൽ കടത്തിയ ദൈവത്തിൽ മതിമറന്നാഹ്ലാദിക്കുന്ന മിര്യാം! യഹോവ ആരാണെന്ന് അഹങ്കാരത്തോടെ ചോദിച്ച ശത്രുക്കൾ കൺമുമ്പിൽ മുങ്ങിത്താഴുന്നതു കണ്ട് ദൈവത്തിനു സ്തുതിഗീതങ്ങൾ അർപ്പിക്കുന്ന മിര്യാം! മോശെ പാടിയത് "ഞാൻ യഹോവെക്കു പാട്ടുപാടും എന്നായിരുന്നെങ്കിൽ മിര്യാമിന്റെ ഗാനം തുടങ്ങുന്നത് "യഹോവെക്കു പാട്ടുപാടുവിൻ" എന്നാണ്. അതൊരു ആഹ്വാനമാണ്. എല്ലാവരെയും അവൾ ഉൾക്കൊള്ളിക്കുകയാണ്, ദൈവത്തിനു മഹത്വം കരേറ്റുന്ന അവളുടെ സംഗീതാർച്ചനയിൽ! (പുറപ്പാട് 15:2-21)

**മിര്യാമിൽനിന്നു നാം എന്താണു പഠിക്കുന്നത്?**

**a) "ലീഡറും മോട്ടിവേറ്ററും"** മിര്യാമിന്റെ നേതൃത്വത്തിലാണ് ഗായകസംഘം തപ്പുകൊട്ടി നൃത്തം ചവിട്ടുന്നത്! നിഷ്ക്രിയരായ വനിതകളെ അവൾ ഊർജ്ജസ്വലരാക്കി. നാം മാത്രം കർത്താവിനെ ആരാധിച്ചാൽ പോരാ, മറ്റുള്ളവരെയും ആരാധനക്കു പ്രേരിപ്പിക്കണം. പല കാരണങ്ങൾകൊണ്ട് പിന്നണിയിൽ പോയവരെ മുന്നണിയിലേക്കു നാം കൊണ്ടുവരണം.

**b) ഗാനരചയിതാവും ഗായികയും** : പ്രവാചകിയായിരുന്ന മിര്യാം ഇപ്പോൾ കർത്താവിനുവേണ്ടി ഗാനം രചിച്ച്, ഈണം നൽകി, ശ്രുതിമധുരമായി പാടുകയാണ്.! ചാരംമൂടിയ കനൽക്കട്ടകൾ പോലെ നമ്മുടെ ഉള്ളിൽ മങ്ങിക്കിടക്കുന്ന ദൈവദത്തമായ താലന്തുകൾ ദൈവമഹത്വത്തിനായി നാം ജ്വലിപ്പിക്കണം.

**c) ദൈവപ്രവൃത്തിയിൽ പ്രതികരണം** : യിസ്രായേൽമക്കൾ സ്വപ്നംപോലും കണ്ടിട്ടില്ലാത്ത അത്ഭുത വിടുതലിന്റെ വെളിപ്പെടുത്തൽ കൺമുമ്പിൽ കണ്ടപ്പോൾ മിര്യാം ഉചിതമായി പ്രതികരിക്കുകയാണ്! നമ്മുടെ ജീവിതത്തിൽ എത്ര വലിയ അത്ഭുതങ്ങൾ ദൈവം ചെയ്തു! എന്നിട്ട് നാം എന്തു പ്രതികരണം കാണിച്ചു?

മൂന്നാം രംഗത്തിൽ നാം കാണുന്നത് കലഹക്കാരിയായ മിര്യാമിനെയാണ് ഹസേരോത്തിലാണു സംഭവം നടക്കുന്നത്. മോശെ കൂശ്യസ്ത്രീയെ വിവാഹംചെയ്തതു പറഞ്ഞാണു തുടങ്ങിയതെങ്കിലും പ്രവാചകി എന്ന നിലയിലുള്ള അവളുടെ 'ഈഗോ'യുടെ പ്രകടനമായി സംഭവം പരിണമിച്ചു. മോശെക്കെതിരായി മിര്യാമും, അഹരോനും ഒരുമിച്ചു ശബ്ദമുയർത്തിയപ്പോൾ ദൈവഹൃദയം നൊന്തു. അവൾ ശിക്ഷിക്കപ്പെട്ടു. കുഷ്ഠം ബാധിച്ചു. എന്നാൽ മോശെ തന്നേ ഇടിവിൽനിന്നു. ഏഴുദിവസത്തെ ഏകാന്തവാസത്തിനുശേഷം അവൾ സാധാരണക്കാരിയായി (സംഖ്യാപുസ്തകം 12)

**മിര്യാം എന്താണു നമ്മെ പഠിപ്പിക്കുന്നത്?**

നമ്മുടെ ശുശ്രൂഷ ദൈവം തന്നതാണ്. അതിൽ അഹങ്കരിക്കരുത്. മറ്റുള്ളവർക്കുവേണ്ടി നിസ്വാർത്ഥമായി ജീവിക്കുന്ന ദൈവദാസന്മാരെ ചോദ്യം ചെയ്യുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. താൻ സ്നേഹിക്കുകയും കരുതുകയും ചെയ്ത മോശെയോട് കയർത്തുസംസാരിക്കുന്നത് മിര്യാമിന് ഒഴിവാക്കാമായിരുന്നു. ഈ സംഭവം നമുക്കൊരു മുന്നറിയിപ്പാണ്.

ഒടുവിലത്തെ രംഗം സീൻമരുഭൂമിയിലാണ്. മിര്യാമിന് ഇപ്പോൾ 126 വയസ്സായി പ്രവാചകിയായി, ഗായികയായി, മറ്റുള്ളവർക്കു ആരാധനക്കു പ്രചോദനമായി, കർത്താവിന്റെ സാക്ഷിയായി ദീർഘവർഷം ജീവിച്ച മിര്യാമിനെ ദൈവം തന്റെ സന്നിധിയിലേക്കു വിളിക്കുന്നു. ദൈവം തന്ന ജീവിതം മനോഹരമാക്കി ദൈവകരങ്ങളിൽ മടക്കി ഏൽപ്പിച്ച് അവൾ നിത്യതയിലേക്ക് യാത്രയായി. നൂറുകണക്കിനു വർഷങ്ങൾക്കുശേഷം മീഖാപ്രവാചകൻ തന്റെ പുസ്തകത്തിൽ മിര്യാമിനെ അനുസ്മരിക്കുന്നുണ്ട്. ദൈവം അയച്ചു എന്നാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

ദൈവം തന്ന ഈ കൊച്ചു ജീവിതവും നമ്മെ ഏൽപ്പിച്ച താലന്തുകളും തേച്ച്മിനുക്കി നിറഞ്ഞ കൃതാർത്ഥതയോടെ ദൈവകരങ്ങളിൽ മടക്കി ഏല്പിച്ച് നമുക്ക് ധന്യരായിത്തീരാൻ മിര്യാമിന്റെ ജീവിതം ഇടയാക്കട്ടെ! ●●●

## കൂടുതൽ ജനസംഖ്യയുള്ള അഞ്ചു രാജ്യങ്ങളിൽ നാലെണ്ണത്തിലും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു



**ലോ**കത്തിലെ ഏറ്റവും ജനസംഖ്യയുള്ള അഞ്ച് രാജ്യങ്ങളിൽ നാലെണ്ണവും ക്രൈസ്തവരെ പീഡിപ്പിക്കുന്ന രാജ്യങ്ങളാണ്. ചൈന (1.41 ബില്യൺ ആളുകൾ), ഇന്ത്യ (1.46 ബില്യൺ ആളുകൾ), ഇന്തോനേഷ്യ (285 ദശലക്ഷം ആളുകൾ) പാക്കിസ്ഥാൻ (255 ദശലക്ഷം ആളുകൾ) എന്നീ രാജ്യങ്ങളിൽ ക്രൈസ്തവർക്ക് അവരുടെ അടിസ്ഥാന മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. സ്വതന്ത്രമായി ആരാധന നടത്തുക, മറ്റുള്ളവരുമായി അവരുടെ വിശ്വാസം പങ്കിടുക തുടങ്ങിയ അവകാശങ്ങൾ പോലും ഈ രാജ്യങ്ങളിൽ ക്രൈസ്തവർക്ക് ലഭിക്കുന്നില്ല. അമേരിക്ക (347 ദശലക്ഷം ആളുകൾ) ആണ് കൂടുതൽ ജനസംഖ്യയുള്ള ആദ്യ അഞ്ച് സ്ഥാനങ്ങളിൽ ഇടംനേടിയ മറ്റൊരു രാജ്യം. ഈ രാജ്യങ്ങളിലെ സർക്കാരുകൾ ഏകദേശം 3.41 ബില്യൺ ആളുകളെ, അതായത് ലോകത്തിലെ മൊത്തം ജനസംഖ്യയുടെ ഏകദേശം 41% പേരെ, കൂട്ടായി ഭരിക്കുന്നു. ഈ നാല് രാജ്യങ്ങളിലും ക്രൈസ്തവർ ന്യൂനപക്ഷ ജനവിഭാഗമാണ്. അവരുടെ മനുഷ്യാവകാശങ്ങൾ പോലും പലപ്പോഴും അവഗണിക്കപ്പെടുകയോ പൂർണ്ണമായും ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്യുന്നു. ചൈനയിലെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി (സിസിപി) പരസ്യമായി നിരീശ്വരവാദിയാണ്. അവരുടെ രാജ്യത്തിനുള്ളിലെ ക്രിസ്ത്യാനികളുടെ മതപരമായ പ്രകടനത്തെ നിയന്ത്രിക്കാൻ നിരന്തരം ശ്രമിക്കുന്നു. ഇന്ത്യയിൽ, ക്രിസ്തുവിനെ അനുഗമിച്ചതിന്റെ പേരിൽ മാത്രം ക്രിസ്ത്യാനികളെ അവരുടെ വീടുകളിൽ നിന്ന് പുറത്താക്കുന്നു. ഇന്തോനേഷ്യ ഒരു മുസ്ലീം ഭൂരിപക്ഷ രാജ്യമാണ്. ഇവിടെയുള്ള ഭരണകൂടം ക്രൈസ്തവരുടെ അവകാശങ്ങൾ അടിച്ചമർത്തുന്നത് പതിവാണ്. മറ്റൊരു മുസ്ലീം ഭൂരിപക്ഷ രാജ്യമായ പാക്കിസ്ഥാനിൽ യേശുവിനെ അനുഗമിക്കുന്ന ക്രിസ്ത്യാനികളെ ലക്ഷ്യം വെയ്ക്കാനും ശിക്ഷിക്കാനും മതനിന്ദ നിയമങ്ങൾ വളരെ വ്യാപകമായി ഉപയോഗിക്കുന്നു. ക്രൈസ്തവർ പലപ്പോഴും രാജ്യത്ത് വിവേചനം നേരിടുന്നു. കൂടാതെ രാജ്യത്തിന്റെ കർശനമായ മതനിന്ദാ നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയാൽ വിശ്വാസികളെ അവരുടെ വിശ്വാസത്തിന്റെ പേരിൽ ജയിലിലടക്കുന്നു. ഈ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനെ അനുഗമിക്കുന്നതിന് പീഡനം, ഭീഷണി, തടവ് എന്നിവ നേരിടേണ്ടിവന്നേക്കാം. ഏറ്റവും അടിസ്ഥാനപരമായ മനുഷ്യാവകാശമായ സ്വന്തം മനഃസാക്ഷിയെ പിന്തുടരാനുള്ള സ്വാതന്ത്ര്യം പലപ്പോഴും ഈ രാജ്യങ്ങളിലെ വിശ്വാസികൾക്ക് അപ്രാപ്യമാണ്. മതസ്വാതന്ത്ര്യ ദുരുപയോഗത്തിന് 2025 - ലെ ഓപ്പൺ ഡോർസ് വേൾഡ് വാച്ച് ലിസ്റ്റിലെ ആദ്യ 15 സ്ഥാനങ്ങളിൽ ചൈന, ഇന്ത്യ, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ ഇടംനേടി. കൂടാതെ, മതസ്വാതന്ത്ര്യത്തിന്റെ കടുത്ത ദുരുപയോഗത്തിന് ചൈന, ഇന്ത്യ, പാകിസ്ഥാൻ എന്നിവയെ യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് ന്റെ പ്രത്യേക ആശങ്കാ രാജ്യങ്ങളുടെ (സിപിസി) പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് മാർച്ചിൽ യു എസ് സി ഐ ആർ എഫ് ശിപാർശ ചെയ്തു. ഇന്തോനേഷ്യയെ പ്രത്യേക നിരീക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കമ്മീഷൻ പ്രസ്താവിച്ചു.

Source: www.lifeday.in

## ഹൈഡ്രജൻ ട്രെയിൻ ഇന്ത്യയിൽ, അവശിഷ്ടവസ്തു ജലം, ഭാവി ഊർജരംഗത്തിന് മുതൽക്കൂട്ടാകുമോ ഈ ഹരിതവാതകം?





**ഹൈ**ഡ്രജൻ ഇന്ധനത്തിൽ ഓടുന്ന ആദ്യ ട്രെയിൻ ഇന്ത്യയിൽ വിജയകരമായി വികസിപ്പിച്ചിരിക്കുകയാണ്. ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ് ഈ ട്രെയിൻ വികസിപ്പിച്ചിരിക്കുന്നത്. ഇതോടെ റെയിൽ ഗതാഗതത്തിന് ഹൈഡ്രജൻ ഉപയോഗിക്കുന്ന കുറച്ചു രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയിരിക്കുകയാണ്. ഹൈഡ്രജൻ ഇന്നു ലോകത്ത് വളരെ ശ്രദ്ധ നേടുന്ന ഹരിത ഇന്ധനമാണ്. കാർബൺ അധിഷ്ഠിത പരമ്പരാഗത ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കാനും കൂടുതൽ പരിസ്ഥിതി സൗഹൃദമായ പ്രവർത്തനങ്ങൾ നടത്താനും ഹൈഡ്രജൻ ഇന്ധനം വഴിയൊരുക്കും ഹാനികരമായ അവശിഷ്ടങ്ങളൊന്നുംതന്നെ ഹൈഡ്രജൻ മൂലമുള്ള ജ്വലനം പുറത്തുവിടില്ലെന്നതും പ്രത്യേകതയാണ്.

**അവശിഷ്ടവസ്തു ജലം**

വെള്ളമായിരിക്കും ഹൈഡ്രജനും ഓക്സിജനും ചേർന്നുള്ള ജ്വലനത്തിലൂടെ പുറത്തുവരുന്ന അവശിഷ്ടവസ്തു. ഇത് പ്രയോജനകരവുമാണ്. ഇന്ന് വ്യവസായങ്ങൾ മുതൽ വാഹനങ്ങളിൽ വരെ ഹൈഡ്രജൻ അധിഷ്ഠിത ഇന്ധനങ്ങൾ പ്രതീക്ഷ നൽകുന്നു. ഹൈഡ്രജൻ ഉപയോഗിച്ച് ഓടുന്ന കാറുകളും മറ്റും അടുത്തിടെ പല പ്രമുഖ കമ്പനികളും പുറത്തിറക്കിയത് ലോകശ്രദ്ധ നേടിയിരുന്നു. ഇന്ത്യയിലും ഹൈഡ്രജൻ ഉപയോഗിക്കുന്ന ബസ് ഉൾപ്പെടെ വാഹനങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നാൽ ഹൈഡ്രജൻ ഖനനം ചെയ്തെടുക്കുന്നത് ശ്രമകരവും സങ്കീർണവുമായ പ്രവൃത്തിയാണ്. ഈ ഇന്ധനത്തെ ശരിയായ മികവിൽ ഉപയോഗിക്കാനുള്ള മനുഷ്യരുടെ ശ്രമങ്ങൾ ബാലദശയിലാണെന്നു പറയാം. ശുദ്ധീകരിച്ച ഹൈഡ്രജൻ ശേഖരിച്ചുവയ്ക്കുന്നതും ദുഷ്കരമായ പ്രവൃത്തിയാണ്. ഹരിത പരിസ്ഥിതി ഇന്ധനങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്ന ഒരു ഭാവികാലത്തിലേക്കുള്ള വലിയ മുതൽക്കൂട്ടാണ് ഭൂമിയിലെ ഹൈഡ്രജൻ നിക്ഷേപങ്ങൾ.

Source: www.manoramaonline.com

# ഗോസ്പൽ ടീം പ്രോഗ്രാം



കേരളത്തിലെ സഭകളുടെ ആത്മീക ഉണർവ്വിനു വേണ്ടി ആരംഭിച്ചിരിക്കുന്ന പ്രവർത്തനമാണ് ഗോസ്പൽ ടീം.ഇതിന്റെ നേതൃത്വത്തിൽ "പഠിക്കുക, പഠിപ്പിക്കുക, വിശുദ്ധിയിൽ വളരുക" എന്ന ലക്ഷ്യത്തോടെ വിവിധ ജില്ലകളിൽ ബൈബിൾ ക്ലാസുകളും, കൂട്ടായ്മകളും ക്രമീകരിച്ചു വരുന്നു. കൂട്ടായ്മ ക്രമീകരിക്കുവാൻ താല്പര്യമുള്ളവർ മിഷനുമായി ബന്ധപ്പെടണമേ! തൃശൂർ, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലായി നടന്നുവരുന്ന ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കണമേ.

എന്ന്
പി. വി. ജോസഫ്
(സ്റ്റേറ്റ് കോ. ഓഡിനേറ്റർ)

**മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം**



## സാത്താന്യബന്ധനത്തിൽനിന്നും വിടുതൽ

കഴിഞ്ഞ നാലു വർഷമായി ഞാൻ സാത്താന്യബന്ധനത്താൽ ഒത്തിരി ഭാരപ്പെട്ടിരുന്നു. ആരോഗ്യം വളരെ മോശമായി. രാത്രിയിൽ ഉറങ്ങാൻ സാധിച്ചിരുന്നില്ല. മുടി മുഴുവനും കൊഴിഞ്ഞ് കഷണ്ടിയായി മാറി. ഈ പ്രയാസങ്ങളുടെ മദ്ധ്യേ എനിക്ക് ഒരു മകൻ ജനിച്ചു. എന്നാൽ ആ മകനും എനിക്ക് നഷ്ടമായി. ആ സമയം ഞങ്ങൾ വളരെയധികം ദുഃഖവും കഷ്ടപ്പാടുകളും നേരിടുകയായിരുന്നു. ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മിഷനറിയിലൂടെ സുവിശേഷം കേൾക്കുവാൻ ഇടയായി. കർത്താവായ യേശുക്രിസ്തുവിനെപ്പറ്റി അറിയുകയും വിശ്വസിക്കുകയും തുടർച്ചയായി പ്രാർത്ഥനക്കു കടന്നുപോകുകയും ചെയ്തു. പതിയെപ്പതിയെ ജീവിതത്തിന്റെ അവസ്ഥ മാറുവാൻ തുടങ്ങി. യേശുക്രിസ്തുവിനെ ജീവിതത്തിൽ സ്വീകരിക്കുകയും സ്നാനം ഏൽക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങളുടെ ജീവിതം സമാധാനം നിറഞ്ഞതാണ്. ഞാനും ഭർത്താവും ഒരുമിച്ചു പ്രാത്ഥനയോടും സന്തോഷത്തോടുംകൂടി ജീവിക്കുന്നു. എന്റെ ചെറിയ സാക്ഷ്യത്തിലൂടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം മഹത്വപ്പെടട്ടെ!

ശ്രീമതി സന്തോഷി സാഹു, ബിലാസ്പൂർ



## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപ്പര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :........................................................ ഒപ്പ്:...................

1. മാർത്തോമ്മയുവാവ് (30 വയസ്സ്, 162 സെ.മീ ഉയരം) ബികോം. എം.ബി.എ., എം.എ സൈക്കോളജി, എം.എസ്.സി. ഇന്റർനാഷണൽ ബിസിനസ്സ് (യുകെ) ഇപ്പോൾ യുകെയിൽ ജോലി ചെയ്യുന്നു. ഇവാഞ്ചലിക്കൽ, സി.എസ്.ഐ, മാർത്തോമ്മ, യാക്കോബായ സഭകളിലെ യുവതികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
PH: 9744101887 | WHATSAPP: 0097150 5851812, 0097150 7190677



(തുടർച്ച)

# ദൈവത്തിനുവേണ്ടി ഒരു സാമ്രാജ്യ നിർമ്മാതാവ്

ലീനാർഡ് റാവൻഹിൽ

**പൌ**ലൊസിന്റേത് വികസിച്ചുകൊണ്ടിരുന്ന ഒരു ജീവിതം ആയിരുന്നു. നമ്മിൽ അധികംപേരും മറ്റൊരു മനുഷ്യന്റെ ശുശ്രൂഷയുടെ ഉച്ഛിഷ്ടത്തിൽ സന്തോഷിക്കുന്നവരാണെന്നുള്ളത് സങ്കടകരമാണ്. എന്നാൽ പൌലൊസ് മറ്റൊരു മനുഷ്യന്റേയും അടിസ്ഥാനത്തിന്മേൽ പണിതില്ല (1 കൊരിന്ത്യർ 3:10). എന്തുകൊണ്ടെന്നാൽ തന്റെ ധിക്ഷണാശക്തി, ആദ്ധ്യാത്മിക ശാസ്ത്രത്തിന്റെ മർമ്മങ്ങളെ കേവലം അരച്ചുടക്കുന്ന ഒരു ദൈവിക യന്ത്രമായിത്തീരത്തക്കവണ്ണം മർക്കടമുഷ്ടി പിടിക്കുവാൻ ആമഗ്നമാക്കപ്പെട്ടിരുന്നില്ല. ദാനീയേലിന്റെ പ്രതിമയെക്കുറിച്ചുള്ള പര്യാലോചനക്കായി പരിക്ഷീണമായ മണിക്കൂറുകൾ ഒന്നും താൻ ചെലവഴിച്ചില്ല. അല്ലെങ്കിൽ ഏതെങ്കിലും ആത്മീയ പരീക്ഷണശാലയിൽ സത്യത്തെ വ്യവച്ഛേദിച്ചുകൊണ്ടോ വേദശാസ്ത്രഗുളികകളുടെ മേൽ ലേബൽ ഒട്ടിച്ചുകൊണ്ടോ, അല്ലെങ്കിൽ ഭാവി വിശ്വാസപ്രമാണങ്ങൾക്കാവശ്യമായ വാക്കുകളെ മിനുസപ്പെടുത്തുന്നതിനുള്ള തന്റെ കഴിവിനെ പുരിപ്പിച്ചുകൊണ്ടോ ഒളിവിൽ കഴിയുകയായിരുന്നില്ല. ഇതിനുള്ള കാരണം നട്ടുച്ചപോലെ അത്രയും വ്യക്തമാണ്.

പൌലൊസ് 'ക്രിസ്തുവിന്റെ ജീവചരിത്രം' എഴുതുകയായിരുന്നില്ല; "ഞാൻ കടക്കാരൻ ആകുന്നു" (റോമർ 1:14) എന്നു പറഞ്ഞുകൊണ്ട് അവൻ അതിനെ പ്രദർശിപ്പിക്കുകയായിരുന്നു. മാനുഷികമായ വല്ല സാദ്ധ്യതയും ഉണ്ടായിരുന്നെങ്കിൽ, ആ കടം തുടച്ചുമാറ്റുന്നതിന് അവന്റെ ദേഹിയുടെ അന്തസ്സ് അവൻ പണയപ്പെടുത്തിക്കഴിഞ്ഞിരുന്നു. ഒരുപക്ഷേ അതിനുവേണ്ടിവരുന്ന ചെലവ്, തടവ് തന്നെ ആയിരിക്കാം, എങ്കിലും തന്റെ സഹമനുഷ്യർ പിശാചിന്റെ തടവുപുള്ളികളായി നരകത്തിൽ നിത്യമായി കഴിയുന്നതിനേക്കാൾ അവൻ 'കർത്താവിന്റെ തടവുകാരനായി' ചില വർഷങ്ങൾ തടവറയിലായിരിക്കുന്നതായിരിക്കും ഉത്തമമായിട്ടുള്ളത്. സമ്പൂർണ്ണവും വിലകൂടിയതുമായ ഒരു ആത്മസമർപ്പണത്തിന് പൌലൊസ് ഏല്പിച്ചുകൊടുക്കപ്പെട്ടിരുന്നു. 'ഇനി ആരും എനിക്കു പ്രയാസം വരുത്തരുത്' (ഗലാത്യർ 6:17) പൌലൊസ് തന്നെ ഞാൻ ദൈവത്തിനു വില്ക്കപ്പെട്ടവൻ ആയിരുന്നു. അവന്റെ ഹൃദയത്തിന്റെ ഓരോ സ്പന്ദനവും, അവന്റെ മനസ്സിന്റെ ഓരോ ചിന്തയും, അവന്റെ ഓരോ ചുവടുവയ്പും, അവന്റെ അന്തരാത്മാവിന്റെ ഓരോ അഭിവാഞ്ചയും അവയൊക്കെയുംതന്നെ ക്രിസ്തുവിനുവേണ്ടിയും മനുഷ്യരുടെ രക്ഷക്കുവേണ്ടിയും ആയിരുന്നു. അവൻ പള്ളികളെ ഒന്നുകിൽ ഉണർവ്വിനാൽ, അല്ലെങ്കിൽ ബഹളങ്ങളാൽ, ചിലപ്പോൾ രണ്ടിനാലും കീഴ്മേൽ മറിച്ചുകളഞ്ഞു. (നമുക്ക് ഇവയൊന്നും ഇല്ലാത്തതുപോലെ തോന്നുന്നു.)

തന്റെ ഉണർവ്വ് സംഘം അവനെ കൈവെടിഞ്ഞുവെങ്കിലും, "എല്ലാവരും എന്നെ കൈവിട്ടു" (2 തിമൊഥെയൊസ് 4:16) അവൻ 'ശാശ്വതഭുജങ്ങളിൽ' തന്നെ ഏല്പിച്ചുകൊടുത്തുകൊണ്ട് മുന്നോട്ടു നീങ്ങി. പതിയിരുന്നു കൊലപ്പെടുത്തുന്നതിനുള്ള യത്നത്തിൽനിന്നും അവൻ രക്ഷപ്പെട്ടു. എങ്കിലും അവന്റെ ദിനംപ്രതിയുള്ള ആഹാരത്തിൽ ദിനംപ്രതിയുള്ള മരണവും ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ 'ഞാൻ ദിവസേന മരിക്കുന്നു' (1 കൊരിന്ത്യർ 15:31) എന്ന് അവൻ പറഞ്ഞു. പ്രൗഢിയുള്ള ക്ലേശമായിരുന്നു അവന്റേത്.

ആത്മാവിന്റെ ഫലം പൌലൊസിൽ ഉണ്ടായിരുന്നു. ആത്മാവിന്റെ കൃപാവരങ്ങൾ അവനിലൂടെ വ്യാപരിച്ചു. അവൻ പട്ടണംതോറും ഉണർവ്വ്യോഗങ്ങൾ നടത്തിയപ്പോൾ കൂടാരപ്പണി ചെയ്തുകൊണ്ടാണ് അതിന്റെ ചെലവുകൾ നികത്തിപ്പോന്നത്. പ്രസംഗികളായ എന്റെ സഹോദരന്മാരെ, പൌലൊസിന്റെ അരികെ നാം കോഴിക്കുഞ്ഞുങ്ങളുടെ ഹൃദയാവസ്ഥ ഉള്ള കൂട്ടരല്ലെ? ചില അവസരങ്ങളിൽ അവൻ മുഴുപ്പട്ടിണിയിൽ കഴിഞ്ഞുകൂടി. എന്നിട്ടും, ആഹാരസമൃദ്ധിയുണ്ടായപ്പോൾ, അവൻ ഉപവാസം അനുഷ്ഠിക്കുകയായിരുന്നു. അവൻ എല്ലാവർക്കും അനുഗ്രഹം ആശംസിച്ചു. അവനോ ശാപഗ്രസ്തനാകുവാനായിരുന്നു ആശിച്ചത്. അവന്റെ വിപ്ലവാത്മക ജീവിതംകൊണ്ടും വിപ്ലവോത്സുക വേദശാസ്ത്രംകൊണ്ടും 'മനുഷ്യരുടെ മുമ്പാകെ കൂത്തുകാഴ്ചയായിത്തീർന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ഈ ക്രിസ്ത്യാനി നാസ്തിക കമ്മ്യൂണിസമെന്ന രാഷ്ട്രീയ മതാന്ധതയിൽനിന്നും വീണ്ടെടുക്കപ്പെട്ട മറുപതിപ്പായിരുന്നു. 'ആത്മാ

വിന്റെ അന്തർജ്വാലയാൽ ദഹിപ്പിക്കപ്പെട്ട ആളുകൾ, മാനുഷിക ജീവിതത്തിൽ പ്രാപഞ്ചികോർജ്ജങ്ങളെ വിട്ടുകൊടുക്കുന്ന തകർന്ന അണുവിന്റെ തനിപ്പകർപ്പത്രെ.'

രൂപാന്തരപ്പെടുത്തപ്പെട്ട സ്ഥലം മാറ്റപ്പെട്ട, എത്രയും വേഗം പറിച്ചു നടപ്പെടേണ്ട പൌലൊസ് നമുക്കെല്ലാവർക്കും 'അവനെപ്പോലെ' ആയിത്തീരുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുന്നു. അഗ്രിപ്പാവിന്റെ മുമ്പാകെ നില്ക്കുമ്പോൾ അവൻ പറയുന്നതു കേൾക്കുക. 'നീ മാത്രമല്ല, ഇന്ന് എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകേണം എന്നു ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു'. അവനെപ്പോലെ എല്ലാവരും എഴുത്തുകാർ ആയിത്തീരുവാൻ ആശിക്കണം എന്ന് അവൻ പറയുന്നില്ല. അല്ലെങ്കിൽ തന്റെ മാതൃകപ്രകാരം എല്ലാവരും സഭകൾ സ്ഥാപിക്കുന്നവരാകണം എന്നും പറയുന്നില്ല. 'ഞാൻ ചെയ്തതുപോലെ' എന്നു പൌലൊസ് പറയുന്നില്ല; പിന്നെയോ 'എന്നെപ്പോലെ' ആകണം എന്നത്രെ. (1 കൊരിന്ത്യർ 7:7) പൌലൊസിനെ നിറച്ചതായ ആത്മാവിന്, അവനെപ്പോലെതന്നെ സേവനത്തിൽ അല്ലെങ്കിലും ത്യാഗത്തിൽ ക്രിസ്തുവിനോടുള്ള താദാത്മ്യത്തിൽ അങ്ങനെ തന്നേ നമ്മെയും നിറെക്കുവാൻ കഴിയും.

നിങ്ങളോടുള്ള ബന്ധത്തിൽ, എന്റെ സഹോദരാ, ഇത് എവിടെച്ചെന്നവസാനിക്കും? എനിക്കറിഞ്ഞുകൂടാ. (ദൂതന്മാരോ മനുഷ്യരോ അറിയുന്നില്ല). എന്നാൽ ഇതിന്റെയൊക്കെ ആരംഭം നാം തനിയെ ഇനിയും ജീവിക്കാതെ, ക്രിസ്തു നമ്മിൽ ജീവിക്കുന്ന ഒരു വെച്ചുമാറിയ ജീവിതത്തോടു കൂടിയതാകട്ടെ. ത്യാഗത്തിലും കഷ്ടം സഹിക്കുന്നതിലും ക്രിസ്തുവിനോടു തന്നെത്തന്നെ ഏകീഭവിച്ചതുമൂലം പൌലൊസ് മഹത്വമാർന്ന നിലയിൽ ജീവിക്കയും വിജയശ്രീലാളിതമായ രീതിയിൽ മരിക്കയും ചെയ്തു. നാം ഇച്ഛിക്കുന്നുവെങ്കിൽ, നമുക്കും അപ്രകാരംതന്നെ ജീവിക്കുവാനും മരിക്കുവാനും കഴിയും.

●●●

(പേജ് 16 - ൽ നിന്നും)

യിച്ചതിൽ 7 വർഷം സുഭിക്ഷവും 7 വർഷം ക്ഷാമവും നേരിട്ടു. സുഭിക്ഷ കാലത്തു ധാന്യങ്ങൾ ശേഖരിച്ചു ഭണ്ഡാരങ്ങൾ നിറച്ചതുകൊണ്ടു ക്ഷാമകാലത്തു എല്ലാവരെയും പോറ്റുവാൻ സാധിച്ചു. തുടർന്ന് കനാൻദേശത്തു ധാന്യംകൊള്ളുവാൻ സഹോദരന്മാർ എത്തുന്നു. യോസേഫ് തന്റെ സഹോദരന്മാർക്ക് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. യോസേഫ് തങ്ങളോടു പറഞ്ഞ വാക്കുകളൊക്കെയും അവർ അവനോടു പറഞ്ഞു; തന്നെ കയറ്റിക്കൊണ്ടുപോകുവാൻ യോസേഫ് അയച്ച രഥങ്ങളെ കണ്ടപ്പോൾ അവരുടെ അപ്പനായ യാക്കോബിനു വീണ്ടും ചൈതന്യം വന്നു.

(46:27,28) യാക്കോബ് മിസ്രയീമിൽ എത്തി. യോസേഫിന്റെ മക്കളെ അനുഗ്രഹിച്ചു തന്റെ മക്കളെയും അനുഗ്രഹിച്ചു യാക്കോബ് മരിച്ചു. യോസേഫും അവന്റെ പിതൃഭവനവും മിസ്രയീമിൽ പാർത്തു, യോസേഫ് നൂറ്റിപ്പത്തു സംവത്സരം ജീവിച്ചിരുന്നു പ്രിയരെ, യോസേഫിന്റെ ജീവചരിത്രം നമുക്ക് വളരെ സുപരിചിതമാണല്ലോ. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സ്വന്തഭവനത്തിൽനിന്നും, സാമൂഹിക ജീവിതത്തിൽനിന്നും നേരിടുന്ന വെല്ലുവിളികളും ദൈവം കൂടെയിരുന്നു വഴിനടത്തിയ വിധങ്ങളും നമുക്ക് മനസിലാക്കാൻ സാധിക്കും. കർത്താവിൽ ആശ്രയിച്ച് ആയിരിക്കുന്നിടത്ത് വിശ്വസ്ഥതയോടും സത്യസന്ധതയോടും ജീവിച്ചാൽ മാനിക്കുന്ന ദൈവമുണ്ടെന്നു യോസേഫിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ നിഴലാണ് യോസേഫ്

"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു". (റോമർ 8:28)

●●●

ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia

സൺഡേ ഡിവോഷൻ

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത്
നിന്നുള്ള ധ്യാനചിന്തകൾ



# ആരോഗ്യവിചാരം

## 'നിന്നെ കണ്ടല്ലെ നിന്റെ ഇളയതും വളരുന്നത്'

### വീട്ടിലെ മൂത്തകുട്ടി നിശബ്ദമായി നേരിടുന്ന 5 സമ്മർദ്ദങ്ങൾ



**ആ**ദ്യത്തെ കൺമണിയോടുള്ള വാത്സല്യം എല്ലാ മാതാപിതാക്കൾക്കും സ്പെഷ്യൽ ആണ്. എന്നാൽ വീട്ടിലെ മൂത്തകുട്ടി ആവുക എന്നത് അൽപ്പം സമ്മർദ്ദം ഉണ്ടാക്കുന്ന കാര്യമാണ്.

**മൂത്തകുട്ടികൾ നിശബ്ദമായി നേരിടുന്ന 5 സമ്മർദ്ദങ്ങൾ**

**1. വൈകാരിക സമ്മർദ്ദം**

പലപ്പോഴും മൂത്തകുട്ടികളെ ഇളയകുട്ടികളുടെ രക്ഷിതാക്കളായി വീട്ടിൽ മുദ്രകുത്തുന്നു. ഈ രക്ഷാകർതൃത്വ പ്രക്രിയ മൂത്തകുട്ടിയെ കൂടുതൽ ഉത്തരവാദിത്വമുള്ളവരും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ കൈകാര്യംചെയ്യാൻ പ്രാപ്തരുമാക്കുന്നുണ്ടെങ്കിലും, ഇത് ചില നെഗറ്റീവ് പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു. മാതാപിതാക്കളുടെ പ്രതീക്ഷകൾ നിറവേറ്റാൻ കഴിയാത്തപ്പോൾ, ഉയർന്ന ഉത്കണ്ഠ പ്രശ്നങ്ങൾ, ഭക്ഷണ ക്രമക്കേടുകൾ, വ്യക്തിത്വ വൈകല്യങ്ങൾ എന്നിവയിൽ കലാശിച്ചേക്കാം. ടാസ്ക് മാനേജ്മെന്റിലും സ്കൂൾ നേട്ടങ്ങളിലും കുട്ടികളെ കൂടുതൽ കാര്യക്ഷമമാക്കാൻ ഇത് സഹായിക്കുമെങ്കിലും നിർബന്ധിത അമിതജോലി പോലുള്ള സമ്മർദ്ദങ്ങൾക്ക് ഇത് കാരണമാകും.

**2. സമാധാനപാലകൻ**

ഒരു മൂത്ത സഹോദരൻ അല്ലെങ്കിൽ സഹോദരി എന്ന നിലയിൽ, ഇളയ സഹോദരങ്ങൾ വഴക്കിടാൻ തുടങ്ങുമ്പോൾ, അവർക്ക് യാന്ത്രികമായി റഫറി, കൗൺസിലർ, ചിലപ്പോൾ മദ്ധ്യസ്ഥൻ എന്നീ രൂപത്തിലേക്ക് മാറേണ്ടിവരും. ഒരു തരത്തിൽ സംഘർഷ സാഹചര്യങ്ങൾ, എങ്ങനെ കൈകാര്യംചെയ്യണമെന്ന് ഇത് അവരെ പഠിപ്പിക്കുന്നു. പക്ഷേ പലപ്പോഴും അവർക്ക് എന്താണ് തോന്നുന്നതെന്ന് കേൾക്കാൻ ആരും ഇല്ലെന്നോ അല്ലെങ്കിൽ നിർബന്ധിതമായി ഇടനില നിൽക്കുന്നതിന്റെ സമ്മർദ്ദമോ ഉണ്ടാകാം.

**3. 'മതിയാകുന്നില്ല' എന്ന തോന്നൽ**

നിന്നെ കണ്ടാണ് നിന്റെ ഇളയത് വളരുന്നതെന്ന പതിവ് ചൊല്ല് മൂത്തകുട്ടികളിൽ അമിത സമ്മർദ്ദം ഉണ്ടാക്കും. ഇതു കാരണം അവർ ചെയ്യുന്നതിലെല്ലാം പെർഫെക്ഷൻ ഉണ്ടാക്കാനും കുറ്റങ്ങൾ വരാതിരിക്കാനും അമിതമായ സമ്മർദ്ദത്തിലൂടെ കടന്നുപോകുന്നു. എന്ത് ചെയ്താലും ചെയ്യുന്നതൊന്നും മതിയായതല്ല അല്ലെങ്കിൽ മികച്ചതല്ല എന്ന തോന്നൽ അവരിൽ ഉണ്ടാക്കുന്നു. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇത് അവരുടെ ആത്മവിശ്വാസത്തെ ബാധിക്കുന്നു.

**4. പങ്കുവെക്കൽ**

മുമ്പ് തങ്ങളുടേതായിരുന്നതെല്ലാം പങ്കുവെക്കുന്നതിൽ പെട്ടെന്ന് സംതൃപ്തരാകുന്നത് പലപ്പോഴും ദഹിക്കാൻ പ്രയാസമുള്ള കാര്യമാണ്. മിക്ക കുട്ടികളും ഏകദേശം മൂന്നര-നാല് വയസ്സുള്ളപ്പോൾ പങ്കിടൽ കഴിവുകൾ വികസിപ്പിക്കുന്നുവെന്ന് ഗവേഷണങ്ങൾ കാണിക്കുന്നു എന്നാൽ നിർബന്ധപൂർവ്വം പങ്കിടൽ എന്നാൽ അനുസരണം മാത്രമാണ്. അവർ പങ്കിടുന്നത് അവർ ശരിക്കും ആഗ്രഹിക്കുന്നതുകൊണ്ടല്ല നിർബന്ധിതരാകുന്നതുകൊണ്ടാണ്.

**5. ഹ്യൂമൻ അലാറം**

മിക്ക കേസുകളിലും, മൂത്തകുട്ടി എല്ലാം കൃത്യമായി ചെയ്യണമെന്ന് മാതാപിതാക്കൾ പ്രതീക്ഷിക്കുന്നു. കൃത്യസമയത്ത് എഴുന്നേൽക്കുക, നേരത്തെ തയ്യാറാകുക, ചിലപ്പോൾ സഹോദരങ്ങളെയും ഉണർത്തുക - കാരണം അവരുടെ ഇളയ സഹോദരങ്ങൾ മുതിർന്നവരെ കാണുന്നതിലൂടെ കൃത്യനിഷ്ഠ പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുപ്പക്കാർ അവരുടെ മുതിർന്നവരിൽനിന്ന് കാര്യങ്ങൾ പഠിക്കുന്നു എന്നത് ശരിയാണെങ്കിലും അതിനൊരു മറുവശം കൂടിയുണ്ട് മൂത്ത കുട്ടികൾ യന്ത്രങ്ങളല്ല മനുഷ്യർ തന്നെയാണ്.

●●●

Source: www.samakalikam malayalam.com

# ബൈബിൾ ക്വിസ് 2025

## ഭാഗം : 9



(2 ശമൂവേൽ, വെളിപ്പാട്, GM ആഗസ്റ്റ് 2025)

1. ഞങ്ങൾ മുദ്രയിട്ട് കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേട് വരുത്തരുത് എന്ന് ഉറക്കെ വിളിച്ചു പറഞ്ഞത് ആര് ?
2. ഹിമകാലത്ത് ഒരു ഗുഹയിൽ ചെന്ന് സിംഹത്തെ കൊന്നത് ആര് ?
3. ആർക്കും എണ്ണിക്കൂടാത്ത മഹാപുരുഷാരം ധരിച്ചിരുന്നത് എന്ത് ?
4. ഒരു വടിയുംകൊണ്ട് മിസ്രയീമ്യന്റെ കയ്യിൽനിന്ന് കുന്തം പിടിച്ചുപറിച്ച് മിസ്രയീമ്യനെ കൊന്നത് ആര് ?
5. മഹാപുരുഷാരം നിലയങ്കി എങ്ങനെയാണ് അലക്കി വെളുപ്പിച്ചത് ?
6. ദാവീദ് ആരെയാണ് അകമ്പടിനായകൻ ആക്കിയത് ?
7. 'അവർക്ക് കൂടാരം ആയിരിക്കും'. ആര് ?
8. കഷ്ടം സഹിക്കുന്നതിൽ അവൻ അസാധാരണൻ ആയിരുന്നു. ആര് ?
9. അസാഹേലിന്റെ സഹോദരൻ?
10. അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചു കളയുന്നത് ആര് ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

### ബൈബിൾ ക്വിസ് 2025 - ഭാഗം 8 ശരിയുത്തരങ്ങൾ

1. എലെയാസർ (2 ശമൂവേൽ 23:9)
2. ജീവനുള്ള ദൈവത്തിന്റെ മുദ്ര (വെളിപ്പാട് 7:2)
3. രെഫായീം താഴ്‌വരയിൽ (2 ശമൂവേൽ 23:13)
4. നൂറ്റിനാല്പത്തിനാലായിരം (വെളിപ്പാട് 7:9)
5. കുടിക്കാൻ കൊണ്ടുവന്ന വെള്ളം (2 ശമൂവേൽ 23:17)
6. 'പറുദീസാ' (GM ജൂലൈ പേജ് 4)
7. കുരുത്തോല (വെളിപ്പാട് 7:9)
8. മുന്നൂറ് (2 ശമൂവേൽ 23:18)
9. രക്ഷ (വെളിപ്പാട് 7:10)
10. യെഹോയാദ (2 ശമൂവേൽ 23:20)

### ഭാഗം-7 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

തങ്കച്ചി വർഗ്ഗീസ്, അന്നമ്മ ഐസക്,
അന്നമ്മ ഈശോ കുരുവിള, റാഹേലമ്മ ജോർജ്ജ്,
ലില്ലി ചാക്കോ, തങ്കമ്മ ഔസേഫ്, ഗ്രേസി ചാക്കോ,
ഹന്ന നെൽസൺ, ജിൻസി എഡ്‌വി, ജോളി ജയിംസ്

## പ്രവർത്തകരെ ബന്ധപ്പെടാം

### GOSPEL TEAM

**STATE COORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

### ZONAL SECRETARIES

| |
|---|
| CHINNU RAJAN : 99953 29889 |
| JANCY VARGHESE : 94465 23654 |
| C.K. ABRAHAM : 94478 74276 |
| VALSA KURIAKOSE : 94972 80050 |
| M.A. MATHAI : 85473 90680 |

### ഓഫീസ് OFFICE TIME : 9.30 AM 6.00 PM

**Address :** E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556

**Phone :** 0484 2593838, (+91) 8281616654 (Whatsapp)

**Email :** egmofindia@gmail.com

**Website :** www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
Email : vpmathaivalayil@gmail.com

ഡോ. വി. പി. മത്തായി വാലയിൽ എഴുതിയ
'ദൈവഹിതവും ദൈവശബ്ദവും
എങ്ങനെ തിരിച്ചറിയും..?' എന്ന പുസ്തകം
ഇപ്പോൾ വിൽപനയിൽ. ഈ പുസ്തകം വാങ്ങുവാൻ
ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

8281616654





# ഗ്രാമ സുവിശേഷീകരണത്തിനു വാഹനങ്ങൾ നൽകി

രാജസ്ഥാനിലെ നമ്മുടെ മിഷനറി ബ്ര. ഭരത് പട്ടേൽ, ഒഡീഷയിലെ ബ്ര. അഞ്ജൻ കുമാർ നായക് എന്നിവർക്ക് ശുശ്രൂഷക്ക് പോകുവാൻ ബൈക്ക് നൽകി.



ബ്ര. ഭരത് പട്ടേൽ, രാജസ്ഥാൻ



ബ്ര. അഞ്ജൻ കുമാർ നായക്, ഒഡിഷ



ബ്ര. പ്രസാദ് റാം, ബിഹാർ

ബീഹാറിലെ നമ്മുടെ മിഷനറി ബ്ര. പ്രസാദ് റാം ശുശ്രൂഷക്ക് പോകുവാൻ നൽകിയ സൈക്കിളുമായി

നമ്മുടെ സുവിശേഷപ്രവർത്തനങ്ങൾ നടക്കുന്നത് ഭാരതത്തിലെ ഉൾഗ്രാമങ്ങൾ തോറുമാണല്ലോ. ദീർഘദൂരം യാത്രചെയ്താണ് മിഷനറിമാർ ഗ്രാമങ്ങളിൽ എത്തിച്ചേരുന്നത്. ആയതിനാൽ അവർക്ക് സുഗമമായി യാത്രചെയ്ത് പ്രവർത്തനമേഖലകളിൽ എത്തിച്ചേരുവാൻ വാഹനങ്ങൾ ആവശ്യമാണ്.

ഹിമാചൽപ്രദേശ്, ഗുജറാത്ത്, ഒഡിഷ എന്നീ സംസ്ഥാനങ്ങളിലെ സുവിശേഷ വേലക്ക് ഇപ്പോൾ വാഹനങ്ങൾ ആവശ്യമാണ്. ഈ കാര്യത്തിൽ സാമ്പത്തികമായി സഹായിക്കുവാൻ സാധിക്കുന്നവർ ദയവായി ബന്ധപ്പെടുക. PH: 9447707654, 8281616654

# ആദരാഞ്ജലികൾ



## സാറാമ്മ വർഗ്ഗീസ് (97)

നോർത്ത് മഴുവന്നൂർ

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഡയറക്ടർ ഡോ. വി. പി. മത്തായി വാലയിലിന്റെ ഭാര്യ ശ്രീമതി മേരി മത്തായിയുടെയും, പ്രവർത്തകരായ ശ്രീ. പി. വി. ജോസഫ്, ശ്രീ. പോൾ പി. വർഗ്ഗീസ് എന്നിവരുടെയും മാതാവായ പുന്നാശ്ശേരി വീട്ടിൽ ശ്രീമതി സാറാമ്മ വർഗ്ഗീസ് (97) 10.08.2025-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള
പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ
വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും
അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

9188379654

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

helpindia1@fbl

(ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

### പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)



## ഹെൽപ്പ് ഇന്ത്യ മിഷൻ

www.helpindiamission.com

# ഡോക്സ പാലിയേറ്റീവ് ഹോം കെയർ

## സാന്ത്വന പരിചരണത്തിൽ കരുത്തോടെ മുന്നോട്ട്...

പെരുമ്പാവൂർ നഗരസഭയിലും, സമീപപഞ്ചായത്തുകളിലുമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ കഴിഞ്ഞ ഏഴരവർഷമായി നടന്നുവരുന്നു. എല്ലാ മാസവും ദരിദ്രരായ കിടപ്പുരോഗികളെ സന്ദർശിച്ച് സൗജന്യമായി സാന്ത്വന പരിചരണങ്ങൾ നൽകി വരുന്നതോടൊപ്പം അവരുടെ ആവശ്യങ്ങളും, പ്രയാസങ്ങളും മനസ്സിലാക്കി ആശ്വാസം പകരുവാനും നാം ശ്രമിക്കുന്നു. മെഡിക്കൽ ടീമും, സന്നദ്ധ പ്രവർത്തകരും ചേർന്ന് രോഗികളുടെ ഭവനങ്ങളിൽ കടന്നു ചെന്ന് അവരെ ശുശ്രൂഷിക്കുകയും വേണ്ട സഹായങ്ങൾ ചെയ്തുവരികയും ചെയ്യുന്നു. കിഡ്നി ഡയാലിസിസ് ചെയ്യുന്ന ഏതാനും രോഗികളെ മാസംതോറും സഹായിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഏഴരവർഷങ്ങൾ പിന്നിടുമ്പോൾ ആശ്രിതരായിട്ടുള്ള 285 കുടുംബങ്ങൾക്ക് കൈത്താങ്ങായി നിൽക്കുവാൻ ഡോക്സയുടെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.



## നന്മയുടെ ഓണ സമ്മാനം

ഈ ഓണത്തിന് ഒരു നിർദ്ധന കുടുംബത്തിലേക്ക് നന്മയുടെ ഒരു സമ്മാനം കൈമാറുവാൻ പങ്കുചേരുമോ?

ഓണക്കിറ്റ് സ്പോൺസർ ചെയ്യുവാൻ – ഒരു കുടുംബത്തിന് Rs. 1000/–രൂപ

FEDERAL BANK

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി
ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26)
അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

### BANK DETAILS

| | |
|---|---|
| HELP INDIA MISSION | V.P. MATHAI *(Official)* |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.08.2025

ഗോസ്പൽ മെസഞ്ചർ വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


# MORNING FELLOWSHIP

എല്ലാ ദിവസവും 5.40 am - 6.40 am

Google Meet Meeting Code : iib-yyvd-seq

# ഏകദിന കുടുംബ നവീകരണ ധ്യാനം

(മൂന്നാം ഓണനാളിൽ)

പ്രസംഗകർ



Dr. കൊച്ചുറാണി തോമസ്



Dr. വി.പി മത്തായി വാലയിൽ

2025 സെപ്റ്റംബർ 6 ശനിയാഴ്ച
അല്ലപ്ര മിഷൻ സെന്ററിൽ
10 am മുതൽ 1.15 pm വരെ

ഏവർക്കും സ്വാഗതം...

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 9 ന്



ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmofindia

Subscribe


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.